സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

കരട് രേഖ

പറളി-മങ്കര റെയിൽവേ മേൽപാലം നിർമ്മിക്കുന്നതിന് പാലക്കാട് ജില്ലയിലെ മങ്കര വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ

പാലക്കാട് ജില്ലാഭരണകൂടം ചുമതലപ്പെടുത്തിയത്

ഡിസംബർ 29, 2021

അർത്ഥനാധികാരി

കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്
(K-rail) 31/2312,
5th ഫ്ലോർ, ട്രാൻസ് ടവർ, വഴുതക്കാട്,
തൈക്കാട് .പി.ഒ, തിരുവനന്തപുരം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ. കളമശേരി
പിൻ: 683 104
ഫോൺ: 0484 2911332/2550785
rossrajagiri@gmail.com
www.rajagirioutreach.in

ഉള്ളടക്കം

അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 പദ്ധതി പ്രദേശം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10.ബാധകമായ നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും.

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

അദ്ധ്യായം 5:ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

അദ്ധ്യായം 7 :സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനര ധിവാസ ത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6.ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7.അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെന്റേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പട്ടികകൾ

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.5.2. പദ്ധതിബാധിതമാകുന്ന വസ്തുവകകളുടെ ഉടമകൾ, ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

2.6.1. പദ്ധതിയുടെ വലിപ്പം, സൗകര്യങ്ങൾ

3.1.1. പഠനസംഘം

4.8.1. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ കാലയളവ്

5.6.1. പ്രത്യേക സ്ഥലങ്ങളുടെ വിവരപട്ടിക

6.1.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായവും ലിംഗഭേദവും

6.2.1. പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

11.1.1. പദ്ധതിയുടെ നേട്ടങ്ങളും ഭൂമി ഏറ്റെടുക്കലിൻെറ കോട്ടങ്ങളും – വിലയിരുത്തൽ

ചിത്രങ്ങൾ

ചിത്രം 2.6.1. പദ്ധതിയുടെ രൂപരേഖ

ചിത്രം 4.1.1. പദ്ധതിപ്രദേശത്തിൻെറ ലൊക്കേഷൻ മാപ്പ്

ചിത്രം 4.7.1. പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

ചിത്രം 6.1.1. പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ വിഭാഗം

ചിത്രം 6.2.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ തൊഴിൽ

ചിത്രം 6.2.2. പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനം

അദ്ധ്യായം 1
പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

പാലക്കാട് ജില്ലയിൽ ലെവൽ ക്രോസ് നമ്പർ 164 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി മങ്കര വില്ലേജിൽ നിന്നും ഏകദേശം 0.4863 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്. ദക്ഷിണ റെയിൽവേയിലെ പാലക്കാട് ഡിവിഷനിൽ പറളി, മങ്കര റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന മനുഷ്യനിയന്ത്രിതമായ ലെവൽ ക്രോസിങ്ങാണ് എൽ.സി. നമ്പർ 164. തിരക്കേറിയ പാലക്കാട്-പൊന്നാനി റോഡിന് സമാന്തര റോഡും പാലക്കാട് ജില്ലയിലെ ഒരു പ്രധാന റോഡുമായ മങ്കര-പാലക്കാട് റോഡിലാണ് എൽ.സി.നമ്പർ 164 സ്ഥിതിചെയ്യുന്നത്. മങ്കര-പാലക്കാട് റോഡ് ദേശീയ പാത 544മായും (കുഴൽമന്ദം) തമിഴ്നാട് സംസ്ഥാനത്തിലെ പൊള്ളാച്ചിയിലേക്ക് പോകുന്ന അന്താരാഷ്ട്ര പാതയുമായും (സംസ്ഥാന പാത 27) ബന്ധിക്കപ്പെട്ടിരിക്കുന്നു.

എൽ.സി. നമ്പർ 164 ൽ 2016 വർഷത്തിൽ നടത്തിയ ട്രാഫിക് സർവ്വെ പ്രകാരം ദിനം പ്രതി ഇതിലൂടെ കടന്ന് പോകുന്ന തീവണ്ടികളുടെ ശരാശരി എണ്ണം 78 ഉം മറ്റ് വാഹന ങ്ങളുടെ എണ്ണം 2879 ഉം ആണെന്ന് എൽ.സി.നമ്പർ 164 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്ന പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ രേഖപ്പെടുത്തിയിരി ക്കുന്നു. ആയതിനാൽ ഭാവിയിൽ വർഷം തോറും ടി ലെവൽ ക്രോസിങ്ങിലൂടെ കടന്ന് പോകുന്ന തീവണ്ടികളുടെ എണ്ണത്തിൽ ഏകദേശം 2% വർദ്ധനവും റോഡിലൂടെ കടന്ന് പോകുന്ന വണ്ടികളുടെ എണ്ണത്തിൽ ഏകദേശം 5% വർദ്ധനവും ഉണ്ടായേക്കാമെന്ന് വിശദ മായ പദ്ധതി രേഖയിൽ കണക്കാക്കിയിരിക്കുന്നു. അത്പ്രകാരം 2030 വർഷത്തിൽ ഇതിലൂ ടെ ദിനം പ്രതി കടന്ന് പോയേക്കാവുന്ന തീവണ്ടികളുടെ എണ്ണം 106 ഉം റോഡിലൂടെ പോയേക്കാവുന്ന വണ്ടികളുടെ എണ്ണം 5699 ഉം ആയേക്കാം എന്ന് കണക്കാക്കുന്നു. ലെവൽ ക്രോസിങ്ങിലൂടെ കടന്ന് പോകുന്ന തീവണ്ടികളുടെയും മറ്റ് വാഹനങ്ങളുടെയും ആകെ എണ്ണം 1 ലക്ഷത്തിന് മുകളിലാണെങ്കിൽ അവിടെ ലെവൽ ക്രോസിങ്ങിന് പകര മായി നിർബന്ധമായും മേൽപ്പാലം നിർമ്മിക്കണമെന്നതാണ് റെയിൽവേയുടെ നിബന്ധന.

ആയതിനാൽ തീവണ്ടികളുടെയും റോഡ് ഉപയോക്താക്കളുടെയും സുരക്ഷിതത്വത്തിന് വേണ്ടി എൽ.സി.നമ്പർ 164 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതി ദക്ഷിണ റെയിൽവേ ആസൂത്രണം ചെയ്യുന്നു. 2018-2019 വർഷത്തിലെ റെയിൽ വേയുടെ പിങ്ക് ബുക്കിൽ റെയിൽവേ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഐറ്റം നമ്പർ 429Z ആയി ഉൾപ്പെടുത്തികൊണ്ട് ടി പദ്ധതിക്ക് റെയിൽവേ ബോർഡ് അനുമതി നൽകിയി ട്ടുണ്ട്. 27/04/2018 തീയതിയിലെ GO(Rt)No.780/2018/PWD ഉത്തരവിലൂടെ കേരള സർക്കാർ പദ്ധതി നിർവ്വഹണത്തിന് കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡിനെ (K-rail) ചുമതലപ്പെടുത്തിയിരിക്കുന്നു.

നിർദ്ദിഷ്ട പദ്ധതി നിലവിൽ വന്നാൽ പാലക്കാട് ജില്ലയുടെ പശ്ചിമ മേഖലകൾക്കിട യിലും (ഷൊർണൂർ, പട്ടാമ്പി, ഒറ്റപ്പാലം) പൊള്ളാച്ചിയിലേക്കും യാത്ര ചെയ്യുന്നവർക്ക് തിരക്കേറിയ പാലക്കാട് പട്ടണത്തിലൂടെയുള്ള യാത്ര ഒഴിവാക്കി മങ്കര- കുഴൽമന്ദം- സംസ്ഥാനപാത 27 റോഡിലൂടെ സുഗമമായി യാത്ര ചെയ്യുവാൻ കഴിയും. നിർദ്ദിഷ്ട ലെവൽ ക്രോസിങ്ങിൽ നിന്നും 2 കിലോമീറ്റർ ദൂരത്തിലുള്ള മങ്കര റെയിൽവേ സ്റ്റേഷ നിലേക്ക് പ്രദേശവാസികൾക്ക് എളുപ്പത്തിൽ എത്തിച്ചേരുവാൻ കഴിയും. പ്രദേശത്തെ ജനവാസമുള്ള കോളനികളിലേക്കുള്ള ഒരു പ്രധാന പാതയായ മങ്കര-പാലക്കാട് റോഡിൽ തിരക്കേറിയ സമയങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് പരിഹരിച്ച് പ്രദേശത്തെ ഗതാഗതം സുഗമമാക്കുന്നതിന് റെയിൽവേ മേൽപ്പാലം നിർമ്മിക്കേണ്ടത് അത്യന്താ പേക്ഷിതമാണ്. റോഡ് ഉപയോക്താക്കളുടെയും തീവണ്ടികളുടെയും സുരക്ഷിതത്വം ഉറപ്പാ ക്കുന്നതിനും പ്രദേശത്തെ റോഡ് ഗതാഗതം സുഗമമാക്കുന്നതിനും റെയിൽവേയുടെ പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ഈ പ്രദേശത്ത് ഒരു റെയിൽവേ മേൽ പ്പാലം നിർമ്മിക്കണമെന്നത് ഏറെ നാളായി ഉന്നയിക്കപ്പെടുന്ന ഒരു ആവശ്യമാണ്. കേരള ത്തിൻെറ നെല്ലറ എന്നറിയപ്പെടുന്ന പാലക്കാട് ജില്ലയിൽ ഉൾപ്പെടുന്ന നിർദ്ദിഷ്ട പദ്ധതി പ്രദേശത്തും സമീപപ്രദേശങ്ങളിലും കാർഷിക പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങ ളാണ്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ കാർഷിക മേഖലയ്ക്കും പ്രയോജനകരമായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു. റെയിൽവേ മേൽപ്പാലവും റോഡ് വികസനവും നടപ്പിൽ വരുമ്പോൾ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികവിഭവങ്ങൾ വിപണനത്തിനായി മറ്റ് പ്രദേശങ്ങളിലേക്ക് സുഗമമായും എളുപ്പത്തിലും കടത്തികൊണ്ട് പോകുന്നതിന് കഴിയും. കൂടാതെ പ്രദേശത്തെ യാത്രാസൗകര്യം മെച്ചപ്പെടുന്നതോടെ

ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ വാങ്ങുന്നതിന് മറ്റ് പ്രദേശങ്ങളിൽ നിന്നും ആളുകൾ എത്തിച്ചേരുന്നതിനും സാധ്യതയുണ്ട്.

കൂടാതെ നിർദ്ദിഷ്ട പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2b യിൽ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്ന പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

1.2. പദ്ധതി പ്രദേശം

പാലക്കാട് ജില്ലയിൽ മങ്കര വില്ലേജിൽ മങ്കര-പാലക്കാട് റോഡിൽ സ്ഥിതി ചെയ്യുന്ന എൽ.സി.നമ്പർ 164 ൻെറ ഇരുവശങ്ങളിൽ നിന്നുമാണ് നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. കാളിക്കാവ് എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതി പ്രദേശം പാലക്കാട് പട്ടണത്തിൽ നിന്നും 20 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നു. സ്വഛസുന്ദരമായ ഒരു ഗ്രാമപ്രദേശമാണ് ഇത്. പദ്ധതിബാധിതമാകുന്ന പ്രദേശങ്ങൾ ജനവാസസ്ഥലങ്ങളും, കൃഷി ഭൂമിയും, ചെറുകിട കച്ചവടങ്ങൾ നടക്കുന്ന സ്ഥലങ്ങളുമാണ്. മങ്കര റെയിൽവേ സ്റ്റേഷൻ പദ്ധതി പ്രദേശത്ത് നിന്നും 2 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നു.

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2021 നവംബർ 23 തിയ്യതിയിലെ കേരള ഗസറ്റ് നമ്പർ 3456 ൽ പ്രസിദ്ധപ്പെടുത്തിയ പാലക്കാട് ജില്ലാകളക്ടറുടെ 2021 നവംബർ 19 തീയതിയിലെ വിജ്ഞാപനം നമ്പർ DCPKD/6093/2019-C2 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് പാലക്കാട് ജില്ലയിൽ മങ്കര വില്ലേജിൽ പറളി-മങ്കര റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി ഏകദേശം 0.4863 സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

വില്ലേജ്	താലൂക്ക്	സർവ്വെ നമ്പർ	എറ്റെടുക്കുന്ന സ്ഥലത്തിൻെറ ഏകദേശ വിസ്തീർണം (ഹെക്ടറിൽ)	ഭൂമിയുടെ തരം
മങ്കര വില്ലേജ്, ബ്ലോക്ക് നമ്പർ: 10	പാലക്കാട്	290	0.1182	നിലം
		293	0.0743	
		384	0.0460	
		385	0.0370	
		412	0.1826	
		413	0.0282	
ആകെ			**0.4863**	

റവന്യൂ രേഖ പ്രകാരം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ "നിലം" വിഭാഗത്തിൽ പെടുന്നു. എന്നിരുന്നാലും കുടുംബങ്ങൾ താമസിക്കുന്ന വീടുകളും ഏറ്റെടുക്കുന്ന പ്രദേശത്ത് ഉണ്ട്. പദ്ധതിബാധിതമാകുന്ന ഒരു കെട്ടിടത്തിൽ ചെറുകിട കടകൾ പ്രവർത്തിക്കുന്നു. കൂടാതെ നിലവിൽ കൃഷിയുള്ളതും കൃഷിയില്ലാത്തതുമായ വയലുകളും ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്നു. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങൾ മങ്കര-പാലക്കാട് റോഡിനോട് ചേർന്ന് ഇരുവശങ്ങളിലായി സ്ഥിതിചെയ്യുന്നു.

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പദ്ധതി പ്രദേശത്ത് നടത്തിയ റീകണെയ്സൻസ് ആൻറ് അലൈന്മെൻറ് സർവ്വെയുടെ അടിസ്ഥാനത്തിൽ പദ്ധതിപ്രദേശത്തിൻെറ പൊതുസ്വഭാവം മനസിലാക്കി, ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലും പ്രദേശത്തിന് ഏറ്റവും അനുയോജ്യമായ വിധത്തിലുമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളതെന്ന് M/S. കെ-റെയിലിന് വേണ്ടി M/S. വെൽസിറ്റി കൺസൽട്ടിങ്ങ് എഞ്ചിനീയേഴ്സ് തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ പറയുന്നു.

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

പാലക്കാട് ജില്ലയിൽ മങ്കര-പാലക്കാട് റോഡിൽ സ്ഥിതി ചെയ്യുന്ന ലെവൽ ക്രോസ് നമ്പർ 164 (കാളിക്കാവ് ഗേറ്റ്) നു പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുക

എന്നത് വർഷങ്ങളായി ഉന്നയിക്കപ്പെടുന്ന ഒരു ആവശ്യമാണ്. ടി പദ്ധതി നിലവിൽ വരുമ്പോൾ തിരക്കേറിയ സമയങ്ങളിൽ പ്രസ്തുത പ്രദേശത്ത് അനുഭവപ്പെടുന്ന ഗതാഗത തടസം ഒഴിവാക്കി സുഗമമായ യാത്രയും പ്രദേശത്തിൻെറ വികസനവും സാധ്യമാകും. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതിബാധിതരാകുന്ന ഭൂവുടമകൾക്കും പദ്ധതിപ്രദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾക്കും വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതി ൻെറയും പദ്ധതി ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വെയുടെയും വെളിച്ചത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള വസ്തുവകകൾ 12 വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെന്ന് മനസിലാക്കുന്നു. ഇവരിൽ 11 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘത്തിന് വിവര ശേഖരണം നടത്തുവാൻ കഴിഞ്ഞത്. പ്രസ്തുത ഭൂവുടമകൾക്ക് ടി സ്ഥലം ഏറ്റെടുക്കുന്നത് മൂലം വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട്. കൂടാതെ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ, അതായത് നിർമ്മാണ ഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും പരിസരവാസികൾക്ക് ഉണ്ടാകുവാനിടയുള്ള ആരോഗ്യകരമായ പ്രശ്നങ്ങൾ, സഞ്ചാരസ്വാതന്ത്ര്യം നഷ്ടമാകു വാനിടയുള്ള സാഹചര്യങ്ങൾ എന്നിവയും സാമൂഹ്യ പ്രത്യാഘാതങ്ങളായി വിലയിരുത്ത പ്പെടുന്നു. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന സ്ഥല ങ്ങളിൽ ജനവാസസ്ഥലങ്ങളും കൃഷിസ്ഥലങ്ങളും ഉണ്ട്. പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറയും പദ്ധതി ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വെയുടെയും വെളിച്ചത്തിൽ പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ തുടർന്ന് വിലയിരുത്തുന്നു.

പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

ക്രമ നമ്പർ	പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ	വിശദീകരണം
1	കൈവശഭൂമി നഷടമാകൽ/അളവ് കുറയൽ	12 ഭൂവുടമകൾ
2	ഭവനം നഷ്ടമാകൽ	1 ഭൂവുടമ
3	കെട്ടിടങ്ങൾ നഷ്ടമാകൽ	1 ഭൂവുടമ

4	ഭൂമിയോട് ചേർന്നുള്ള ചമയങ്ങൾ നഷ്ടമാകൽ	വീട്-1,ഇരുനില കെട്ടിടം-1, ചുറ്റുമതിലു ഗേറ്റും-3 കിണർ-2, 6 ഉടമകളുടെ സ്ഥലത്തെ വൃക്ഷങ്ങൾ
5	കൃഷി നഷ്ടമാകൽ	നെൽകൃഷി-1 വാഴ കൃഷി-1
6	ഉപജീവനമാർഗം/വരുമാനം നഷ്ടമാകൽ	ഉടമകൾ-3, വാടകക്കാരൻ-1
7	പ്രവേശനമാർഗം നഷ്ടമാകൽ	1 കുടുംബം, കൂടാ നിർമ്മാണഘട്ടത്തിൽ പ്രദേശവാസികൾക്ക് വ തടസം ഉണ്ടാകുവാനു സാധ്യതകൾ
8	ആരോഗ്യപ്രശ്നങ്ങൾ/അപകട സാധ്യതകൾ	നിർമ്മാണഘട്ടത്തിൽ പൊടിശല്ല്യം, ശബ്ദമലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ
9	പരിസരമലിനീകരണം	നിർമ്മാണമാലിന്യങ്ങൾ മൂലം
10	വൃക്ഷങ്ങൾ നഷ്ടമാകൽ	6 ഉടമകളുടെ സ്ഥലത്തെ ഏകദേശം 40 വൃക്ഷങ്ങൾ

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിത കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള മേൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യാഘാതങ്ങൾ തുടർന്ന് വിശകലനം ചെയ്യുന്നു.

a) കൈവശഭൂമി നഷടമാകൽ/അളവ് കുറയൽ

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളിലുള്ള ഭൂവുടമകൾക്ക് തങ്ങൾക്ക് കൈവശമായ ഭൂമി മുഴുവനായും നഷ്ടമാകുകയോ അളവ് കുറയുകയോ ചെയ്യും. ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള വസ്തുവകകൾ 12 വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെന്ന് മനസിലാക്കുന്നു. ഇവരിൽ 11 ഭൂവുടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘത്തിന് ബന്ധപ്പെടുവാൻ കഴിഞ്ഞത്. ഇവരിൽ 2 ഉടമകൾക്ക് നിലവിലെ രൂപരേഖ പ്രകാരം ഏതാണ്ട് പൂർണമായി സ്ഥലം നഷ്ടമാകും. ടി വസ്തുവകകൾ ഉടമകൾ വിവിധ കാലയളവുകളിലായി വാങ്ങിയതാണ്.

b) ഭവനം നഷ്ടമാകൽ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് കുടുംബം താമസിക്കുന്ന 1 വീടും കൂടാതെ താമസം, കച്ചവടം എന്നിവയ്ക്ക് വേണ്ടി വാടകക്ക് നൽകിയിരിക്കുന്ന ഒരു ഇരുനില കെട്ടിടവും പൂർണമായും പദ്ധതി ബാധിതമാകും. സർവ്വെ നമ്പർ 412/23 ൽ ലീന പി.യു. എന്ന ഉടമയുടെ കുടുംബം ടി സ്ഥലത്ത് 8 വർഷമായി വീട് നിർമ്മിച്ച് താമസിക്കുന്നു. വീടും സ്ഥലവും നഷ്ടമാകുന്നത് മൂലം കുടുംബത്തിന് വൈകാരികവും സാമ്പത്തികവുമായ നഷ്ടങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് കുടുംബം വെളിപ്പെടുത്തി. ഒരു കുടുംബത്തിൻെറ താമസത്തിന് ഉതകുന്ന വിധത്തിൽ മതിയായ സൗകര്യങ്ങളോട് കൂടി മികച്ച രീതിയിൽ 8 വർഷം മുൻപ് നിർമ്മിച്ചിട്ടുള്ള ഒരു നിർമ്മിതിയാണ് പ്രസ്തുത വീട് എന്ന് പഠന സംഘം മനസിലാക്കുന്നു.

c) കെട്ടിടങ്ങൾ നഷ്ടമാകൽ

സർവെ നമ്പറിൽ 290/1 ൽ സ്ഥിതി ചെയ്യുന്ന ശ്രീമതി. ലതാദേവിയുടെ ഉടമസ്ഥതയിലുള്ള, 4 വർഷം മാത്രം കാലപഴക്കമുള്ള ഒരു ഇരുനില കെട്ടിടം നിലവിലെ രൂപരേഖ പ്രകാരം പൂർണമായും പൊളിച്ച് മാറ്റേണ്ടി വരും. ടി കെട്ടിടം താമസം, വ്യാപാരം എന്നീ ആവശ്യങ്ങൾക്ക് വേണ്ടി ഉടമ വാടകക്ക് നൽകിയിരിക്കുന്നതാണ്. പ്രസ്തുത കെട്ടിടത്തിൽ 2 വീടുകളും 7 കടകളും ഉണ്ട്. ഇവിടെ നിന്നും വാടകയിനത്തിൽ ഒരു മാസം ലഭിക്കുന്ന 22,500/- രൂപ ഉടമയുടെ ഉപജീവനമാർഗമാണ് എന്ന് സർവ്വെയിൽ ഉടമ വെളിപ്പെടുത്തി.

d) ഭൂമിയോട് ചേർന്നുള്ള ചമയങ്ങൾ നഷ്ടമാകൽ

പദ്ധതിബാധിതമാകുന്ന വീട്, ഇരുനില കെട്ടിടം എന്നിവ കൂടാതെ ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിലെ വൃക്ഷങ്ങൾ, 3 ഉടമകളുടെ സ്ഥലത്തെ ചുറ്റുമതിലും ഗേറ്റും, 1 ഉടമയുടെ സ്ഥലത്തെ കമ്പി വേലിയും ഗേറ്റും, 1 ഉടമയുടെ സ്ഥലത്തെ കിണർ എന്നിവ പദ്ധതി ബാധിതമായേക്കാം

e) കൃഷി നഷ്ടമാകൽ

ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ റവന്യൂ രേഖ പ്രകാരം "നിലം" വിഭാഗത്തിൽ പെടുന്നവയാണ്. ആയതിനാൽ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളാണ്. നിലവിൽ കൃഷി ചെയ്യുന്നതും അല്ലാത്തതുമായ പാടങ്ങൾ പദ്ധതി

പ്രദേശത്ത് ഉണ്ട്. ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ സർവെ നമ്പർ 412/2 ൽ നിലവിൽ നെൽകൃഷി ചെയ്യുന്നുണ്ട്. സർവെനമ്പർ 412/19ൽ വാഴ കൃഷിയും ഉണ്ട്.

f) ഉപജീവനമാർഗം നഷ്ടമാകൽ/വരുമാനം നഷ്ടമാകൽ

സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളിൽ 3 ഭൂവുടമകൾ ടി ഭൂമി ഏറ്റെടുക്കൽ തങ്ങളുടെ ഉപജീവനമാർഗത്തെ പ്രതികൂലമായി ബാധിക്കും എന്ന് അഭിപ്രായപ്പെട്ടു. ഇവരിൽ 1 ഭൂവുടമയുടെ ഉപജീവനമാർഗം കൃഷി ആയതിനാൽ പദ്ധതിബാധിത ഭൂമിയിലെ കൃഷി നഷ്ടമാകുന്നതിനാൽ വരുമാനത്തിൽ കുറവ് വരും. പദ്ധതി ബാധിതമാകുന്ന കെട്ടിടത്തിൽ നിന്ന് വാടകയിനത്തിൽ ലഭിക്കുന്ന വരുമാനമാണ് 1 ഭൂവുടമക്ക് നഷ്ടമാകുന്നത്. കൈവശമായിരിക്കുന്ന സ്ഥലത്തിൻെറ അളവിൽ കുറവ് വരുന്നതിനാൽ ഉപജീവനമാർഗമായ കന്നുകാലി വളർത്തലിനുള്ള സൗകര്യം നഷ്ടമാകും എന്നതിനാൽ ഭൂമി ഏറ്റെടുക്കൽ തങ്ങളുടെ ഉപജീവനമാർഗത്തെ ബാധിക്കും എന്ന് 1 ഭൂവുടമ അഭിപ്രായപ്പെട്ടു.

ഭൂവുടമകളെ കൂടാതെ പദ്ധതിബാധിതമാകുന്ന കെട്ടിടത്തിൽ വാടകക്ക് കച്ചവടം ചെയ്യുന്നവരുടെയും തൊഴിലാളികളുടെയും ഉപജീവനമാർഗവും പദ്ധതി ബാധിതമാകുന്നുണ്ട്. ഇവരിൽ 1 വ്യക്തി 3 വർഷമായി ടി കെട്ടിടത്തിൽ കച്ചവടം ചെയ്തു വരുന്നു. അദ്ദേഹത്തിന് കടയിൽ നിന്നും ഒരു ദിവസം 8000 രൂപ വരുമാനം ലഭിക്കുന്നുണ്ട് എന്ന് സർവ്വെയിൽ വെളിപ്പെടുത്തി

g) പ്രവേശനമാർഗം നഷ്ടമാകൽ (നിർമ്മാണഘട്ടത്തിലും നിർവ്വഹണഘട്ടത്തിലും)

പദ്ധതി പ്രദേശം ജനവാസ സ്ഥലങ്ങളും കൃഷി സ്ഥലങ്ങളും റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളുമാണ് എന്നതിനാൽ പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരവും വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനമാർഗവും തടസപ്പെടുവാൻ സാധ്യതയുണ്ട്.

പദ്ധതി ബാധിതമാകുന്ന സർവെ നമ്പർ 412/2 ൻെറ ഉടമയും പദ്ധതി പ്രദേശത്തിന് സമീപത്ത് താമസിക്കുകയും ചെയ്യുന്ന ശ്രീ.രമേശ് പി.വി. യുടെ വീട്ടിലേക്കുള്ള പ്രവേശനം പദ്ധതി നിർവ്വഹണം മൂലം തടസപ്പെട്ടേക്കാം എന്ന് കുടുംബം ആശങ്കപ്പെടുന്നു.

h) ആരോഗ്യപ്രശ്നങ്ങൾ/അപകട സാധ്യതകൾ

പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാൻ ഇടയുള്ള പൊടി ശല്യം, യന്ത്രസാമഗ്രികളുടെ പ്രവർത്തനം മൂലം ഉണ്ടാകുവാനിടയുള്ള ഉയർന്ന ശബ്ദം എന്നിവ ആരോഗ്യ

പ്രശ്നങ്ങൾക്ക് കാരണമായേക്കാം എന്നത് പദ്ധതിയുടെ പ്രത്യാഘാതമായി കണക്കാക്കേണ്ടതും അവ ലഘൂകരിക്കുന്നതിനുള്ള ശാസ്ത്രീയമായ മാർഗങ്ങൾ അവലംബിക്കേണ്ടതുമാണ്.

i) പരിസരമലിനീകരണം

പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിർമ്മാണമാലിന്യങ്ങൾ ശരിയായ വിധത്തിൽ കൈകാര്യം ചെയ്യാതിരുന്നാൽ പരിസര മലിനീകരണത്തിന് കാരണമായേക്കാം എന്നതിനാൽ മാലിന്യ നിർമ്മാർജനത്തിനുള്ള ശാസ്ത്രീയ മാർഗങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നിർമ്മാണ ഘട്ടത്തിൽ നടപ്പിലാക്കേണ്ടതാണ്.

j) വൃക്ഷങ്ങൾ നഷ്ടമാകൽ

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളിൽ നിൽക്കുന്ന തെങ്ങ്, പ്ലാവ് എന്നിവ ഉൾപ്പടെ ഏകദേശം 40 വൃക്ഷങ്ങൾ വെട്ടിമാറ്റേണ്ടി വരും

പട്ടിക 1.5.2. : പദ്ധതിബാധിതരാകുന്ന വസ്തുവകകളുടെ ഉടമകൾ, ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

ക്രമ നമ്പർ	***ഉടമയുടെ പേരും അഡ്രസ്സും***	***സർവ്വെ നമ്പർ***	***ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം***
1	രമേശ് പി.വി അശ്വതി ഹൗസ് കാളികാവ് മങ്കര	412/2	412/2 സർവെ നമ്പരിലുള്ള നെൽകൃഷി നഷ്ടമാകുന്നത് കുടുംബത്തിൻെറ ഉപജീവനമാർഗത്തെ ബാധിക്കുന്നുണ്ട്. പദ്ധതി ബാധിത ഭൂമിയിലെ നെൽകൃഷിയിൽ നിന്ന് വർഷത്തിൽ 8 ചാക്ക് അരി, 20,000/- രൂപ ലഭിക്കുന്നുണ്ട്. വീട്ടിലേക്കുള്ള പ്രവേശനമാർഗം നഷ്ടമാകും
2	ലതാദേവി വി.സി. കോട്ടയിൽ ഹൗസ് മങ്കര	290/12	ഇരുനിലകെട്ടിടം, തെങ്ങ് (9), ഉപജീവനമാർഗം നഷ്ടമാകുന്നു (പദ്ധതി ബാധിതമാകുന്ന ഇരുനിലകെട്ടിടത്തിൽ നിന്നും - 2 വീടുകളും 7 കടകളും - ലഭിക്കുന്ന മാസവാടക 22,500/ രൂപ)
3	ലീന പി.യു. തുഷാരം കാളികാവ്	412/23	കുടുംബം താമസിക്കുന്ന വീടും അനുബന്ധ സൗകര്യങ്ങളും

	മങ്കര		നഷ്ടമാകുന്നു. ടി സ്ഥലത്ത് തെങ്ങ് (2) സപ്പോട്ട(2), പ്ലാവ് (1), മാതളം (2), ചെറി (1), പപ്പായ (6), സീതപ്പഴം (6), റമ്പൂട്ടാൻ (1), ഞാവൽ (1), ചാമ്പ (2) എന്നീ വൃക്ഷങ്ങളുണ്ട്.
4	സുനിൽകുമാർ പി.സി പണ്ടാരപറമ്പിൽ കാളികാവ് മങ്കര	412/19	സ്ഥലം നഷ്ടമാകുന്നു. 2 തെങ്ങ്, 15 വാഴ എന്നിവയിൽ നിന്ന് ലഭിക്കുന്ന വരുമാനം നഷ്ടമാകുന്നു (വർഷത്തിൽ 3000 രൂപ)
5	രുഗ്മണി കരാട്ടിൽ വീട് മങ്കര	293/5	സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, കിണർ 2 മാവ്, കുരുമുളക് എന്നിവ നഷ്ടമാകും. മുറ്റം നഷ്ടമാകുന്നത് കൊണ്ട് കന്നുകാലി വളർത്തുന്നതിന് ബുദ്ധിമുട്ടാകും എന്നതിനാൽ ഉപജീവനമാർഗം നഷ്ടമാകും.
6	കുട്ടികൃഷ്ണൻ കക്കമ്മ നിവാസ് കാളികാവ് റോഡ് മങ്കര	412/17, 412/6	സ്ഥലം, കിണർ, ചുറ്റുമതിൽ. തെങ്ങ് 10, മാവ് 1, കവുങ്ങ് 1 എന്നിവ നഷ്ടമാകും
7	ശിവദാസൻ സൂര്യനിവാസ് കാളികാവ് റോഡ് മങ്കര	412/10	നിലവിൽ വാടകക്ക് താമസിക്കുന്ന കുടുംബം വീട് നിർമ്മിക്കുന്നതിന് വാങ്ങിയ സ്ഥലം നഷ്ടമാകും . അവശേഷിക്കുന്ന സ്ഥലം നീളത്തിലായതിനാൽ വീട് നിർമ്മിക്കുന്നതിന് മതിയാകില്ല
8	പദ്മകുമാർ പുത്തൻ വീട് മങ്കര റെയിൽവേ സ്റ്റേഷൻ റോഡ് മങ്കര		സ്ഥലം നഷ്ടമാകും.
9	കുട്ടികൃഷ്ണൻ സി. സി സ്വാതി ഹൗസ് മങ്കര		സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 2, മാവ് 4, പുളി 1 എന്നിവ നഷ്ടമാകും
10	സുജാത.ജെ W/o. ശ്രീനിവാസൻ	413/5	സ്ഥലം നഷ്ടമാകും.

	നമ്പർ:11, ബ്ലൂം അപ്പാർട്ട്മെൻറ് ജയപ്രിയ നഗർ കൊല്ലപാകം ചെന്നൈ:600127		
11	മഞ്ചുള നായർ D/o.സുകുമാർ കൃഷ്ണ ഹൗസ് സഹ്യാദ്രി കോളനി ചന്ദ്രനഗർ പി.ഒ. പാലക്കാട്	384	സ്ഥലം, ഗേറ്റ്, കമ്പിവേലി എന്നിവ നഷ്ടമാകും
12	കമല പി.ആർ	290/9, 290/10	

കുറിപ്പ്: *മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽ നിന്നും ലഭിച്ചതാണ്; രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.*

1.6 ലഘൂകരണ നടപടികൾ

പാലക്കാട് ജില്ലയിൽ പറളി-മങ്കര റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി പാലക്കാട് താലൂക്കിൽ മങ്കര വില്ലേജിൽ ബ്ലോക്ക്-10 ൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയി രുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ട ങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.2. ൽ നൽകിയിരിക്കുന്നു.

പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

ക്രമനമ്പർ	സാമൂഹ്യ പ്രത്യാഘാതം	ലഘൂകരണ നടപടി
1	കൈവശഭൂമി നഷടമാകൽ/അളവ് കുറയൽ	നിയമാനുസൃതമായ നഷ്ടപരിഹാരം
2	ഭൂമിയോട് ചേർന്നുള്ള ചമയങ്ങൾ നഷ്ടമാകൽ	നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും
3	ഭവനം നഷ്ടമാകൽ	കുടുംബത്തിൻെറ സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ-പുനസ്ഥാപനനടപടികൾ
4	കെട്ടിടങ്ങൾ നഷ്ടമാകൽ	നിയമാനുസൃതമായ നഷ്ടപരിഹാരം
5	കൃഷിഭൂമി നഷ്ടമാകൽ	നിയമാനുസൃതമായ നഷ്ടപരിഹാരം
6	ഉപജീവനമാർഗം/വരുമാനം നഷ്ടമാകൽ	നിയമാനുസൃതമായ നഷ്ടപരിഹാരം
7	പ്രവേശനമാർഗം നഷ്ടമാകൽ	പദ്ധതി നിർമ്മാണഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം
8	പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/അപകടസാധ്യതകൾ	പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻ കരുതലുകൾ സ്വീകരിക്കണം
9	നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജന ചെയ്യാതിരിക്കുന്നത് മൂല ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം	പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
10	വൃക്ഷങ്ങൾ നഷ്ടമാകൽ	പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

അദ്ധ്യായം 2
പദ്ധതിയുടെ വിശദവിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

മങ്കര-പാലക്കട് റോഡിൽ കാളിക്കാവ് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ലെവൽ ക്രോസ് നമ്പർ 164 മൂലം തിരക്കേറിയ സമയങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന സമയ നഷ്ടവും ഇന്ധന നഷ്ടവും സാമ്പത്തിക നഷ്ടവും കുറക്കുന്നതിന് ടി ലെവൽ ക്രോസിന് പകരമായി റെയിൽവേ മേൽപാലം നിർമ്മിക്കണ മെന്നത് കാലങ്ങളായി ഉന്നയിച്ചു വരുന്ന ആവശ്യമാണ്.

കേരള സംസ്ഥാന സർക്കാരിൻെറയും ഇന്ത്യൻ റെയിൽവേയുടെയും ഒരു സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (K-rail) ആണ് പാലക്കാട് ജില്ലയിലെ പറളി, മങ്കര റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ സ്ഥിതിചെയ്യുന്ന ലെവൽക്രോസ് നമ്പർ 164 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്ന പദ്ധതി യുടെ നിർവ്വാഹകർ. റെയിൽവേയുടെ ഭാഗം/റയിൽവേ സ്പാനിൻെറ നിർമ്മാണം റെയിൽ വേ അതോറിറ്റിയും അനുബന്ധ റോഡുകളുടെ നിർമാണം റോഡ് അതോറിറ്റിയും നിർവ്വഹിക്കുക എന്നതാണ് റെയിൽവേ മേൽ പാലങ്ങളുടെ നിർമ്മാണത്തിൽ പൊതുവെ അവലംബിച്ചിരുന്ന മാർഗം. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധഘട്ടങ്ങളിൽ ഇരുവിഭാഗങ്ങൾ തമ്മിൽ ഏകോപനമില്ലാതെ വരുന്നതിനാൽ ടി മാർഗം റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചു. ആയതിനാൽ റെയിൽവേ മേൽപ്പാല നിർമ്മാണങ്ങൾ സുഗമമാക്കുന്നതിന്, ദക്ഷിണ റെയിൽവേയുടെ നിർദ്ദേശ പ്രകാരം റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണങ്ങൾക്ക് ഒരു ഏക സംവിധാനത്തെ ചുമതലപ്പെടുത്തുന്നതിന് കേരള സംസ്ഥാന സർക്കാർ തീരുമാനിച്ചു. അത് പ്രകാരം ഇന്ത്യൻ റെയിൽവേയുടെ പിങ്ക് ബുക്കിൽ 2018-19 വർഷത്തെ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 27 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമാണത്തിന് കെ-റെയിലിനെ ചുമതലപ്പെടുത്തിക്കൊണ്ട് 27/04/2018 തീയതിയിൽ കേരള സർക്കാർ ഉത്തരവ് നമ്പർ GO(Rt)No:780/2018/PWD പുറപ്പെടുവിച്ചു. ആയതിനാൽ റെയിൽവേയുടെ പിങ്ക് ബുക്കിൽ 2018-2019 വർഷത്തിലെ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഐറ്റം നമ്പർ 429Z

ആയി ഉൾപ്പെട്ടിട്ടുള്ള നിർദ്ദിഷ്ട പദ്ധതിയായ റെയിൽവേ മേൽപ്പാലത്തിൻെറയും അനുബന്ധ റോഡുകളുടെയും നിർമ്മാണം റെയിൽവേയെയും പൊതുമരാമത്ത് വകുപ്പിനെയും ഏകോപിപ്പിച്ചു കൊണ്ട് നിർവ്വഹിക്കുന്നതിന് കെ-റെയിൽ ചുമതലപ്പെട്ടിരിക്കുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് കേരള സർക്കാരിൻെറ 26-07/2019 തീയ്യതിയിലെ നമ്പർ 20/48/2019/ ഉത്തരവ് പ്രകാരം പാലക്കാട് എൽ.എ.(ജി) നമ്പർ 2 സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിട്ടുണ്ട്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് പാലക്കാട് എൽ.എ.(ജി) നമ്പർ 2 സ്പെഷ്യൽ തഹസിൽദാർ ആയിരിക്കും.

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു.. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2021 നവംബർ 23 തിയ്യതിയിലെ കേരള ഗസറ്റ് നമ്പർ 3456 ൽ പ്രസിദ്ധപ്പെടുത്തിയ പാലക്കാട് ജില്ലാകളക്ടറുടെ 2021 നവമ്പർ 19 തീയതിയിലെ വിജ്ഞാപനം നമ്പർ DCPKD/6093/2019-C2 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് പാലക്കാട് ജില്ലയിൽ മങ്കര വില്ലേജിൽ പാലക്കാട്-മങ്കര റോഡിൽ സ്ഥിതി ചെയ്യുന്ന ലെവൽ ക്രോസ് നമ്പർ 164 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി ഏകദേശം 0.4863 സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

ലെവൽ ക്രോസ് നമ്പർ 164 ന് പകരമായി നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലത്തിന് അനുബന്ധങ്ങൾ ഉൾപ്പടെ 463.77 മീറ്റർ നീളം ഉണ്ടായിരിക്കും. പാലത്തിൻെറ ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിൽ ക്യാരേജ്‌വേയും നടപാതയും ഉണ്ടായിരിക്കും. കൂടാതെ മേൽപ്പാലത്തിനെ സർവ്വീസ് റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് റെയിൽവേ ട്രാക്കിൻെറ ഇരുവശങ്ങളിലേക്കും സ്റ്റെയർകേയ്സുകൾ ഉണ്ടായിരിക്കും.

റെയിൽവേയുടെ പിങ്ക് ബുക്കിൽ 2018-2019 വർഷത്തിലെ റെയിൽവേ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഐറ്റം നമ്പർ 429Z ആയി ഉൾപ്പെടുത്തികൊണ്ട് ടി പദ്ധതിക്ക് റെയിൽവേ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അനുമതിപ്രകാരം അനുവദിക്കപ്പെട്ട പദ്ധതിയുടെ പ്രതീക്ഷിത ചെലവായ 34.31 കോടി രൂപ റെയിൽവേയും സംസ്ഥാന സർക്കാരും തുല്ല്യ അനുപാതത്തിൽ (50:50) വഹിക്കണമെന്നും ടി അനുമതിയിൽ പറയുന്നു. റെയിൽവേയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിരക്കുകൾ കണക്കാക്കി തയ്യാറാക്കപ്പെട്ടിട്ടുള്ള കണക്ക് പ്രകാരം പദ്ധതിയുടെ പ്രതീക്ഷിക്കുന്ന നിർമ്മാണ ചെലവ് 29,24,76,415/- ആയിരിക്കും എന്ന് M/S. കെ-റെയിലിന് വേണ്ടി M/S. വെൽസിറ്റി കൺസൽട്ടിങ്ങ് എഞ്ചിനീയേഴ്സ് തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ പറയുന്നു. റെയിൽവേയും കേരള സംസ്ഥാന സർക്കാരും തമ്മിലുള്ള ധാരണാപത്രം പ്രകാരം പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലവില സംസ്ഥാന സർക്കാർ വഹിക്കും എന്നും വിശദമായ പദ്ധതി രേഖയിൽ സൂചിപ്പിക്കുന്നു.

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പദ്ധതി പ്രദേശത്ത് നടത്തിയ റീകണെയ്സൻസ് ആൻറ് അലൈമെൻറ് സർവ്വെയുടെ അടിസ്ഥാനത്തിൽ പദ്ധതിപ്രദേശത്തിൻെറ പൊതുസ്വഭാവം മനസിലാക്കി, ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലും പ്രദേശത്തിന് ഏറ്റവും അനുയോജ്യമായ വിധത്തിലുമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളതെന്ന് M/S. കെ-റെയിലിന് വേണ്ടി M/S. വെൽസിറ്റി കൺസൽട്ടിങ്ങ് എഞ്ചിനീയേഴ്സ് തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ പറയുന്നു.

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുമ്പോൾ പദ്ധതി പ്രദേശം നിർമ്മാണത്തിനു വേണ്ടി ഒരുക്കുകയും തുടർന്ന് മേൽപാലത്തിൻെറയും അനുബന്ധ റോഡിൻെറയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും.

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

വിശദമായ പദ്ധതിരേഖയിൽ നൽകിയിരിക്കുന്ന പദ്ധതിയുടെ രൂപരേഖയും അനുബന്ധമായ മറ്റ് വിവരങ്ങളും തുടർന്ന് നൽകുന്നു

ചിത്രം 2.6.1 : പദ്ധതിയുടെ രൂപരേഖ

പട്ടിക 2.6.1. പദ്ധതിയുടെ *വലിപ്പം, സൗകര്യങ്ങൾ*

പാലത്തിൻെറ ആകെ നീളം	56.36 മീറ്റർ റെയിൽവേ സ്പാൻ ഉൾപ്പടെ 463.77 മീറ്റർ
പാലത്തിൻെറ തരം	കമ്പോസിറ്റ് സ്റ്റീൽ ഗിർഡർ ഉപയോഗിച്ചുള്ള റെയിൽവേ സ്പാനും PSC I ഗിർഡർ ഉപയോഗിച്ചുള്ള അനുബന്ധങ്ങളും
അനുബന്ധറോഡിൻെറ വീതി	10.35 മീറ്റർ–7.5 മീറ്റർ വീതിയിൽ ക്യാരേജ്‌വേ, 1.5 മീറ്റർ വീതിയിൽ ഒരു വശത്ത് നടപാത, 0.45 മീറ്റർ വീതിയിൽ ഒരു വശത്ത് കേർബ്, ഒ.45 മീറ്റർ വീതിയിൽ ഇരുവശങ്ങളിലും ക്രാഷ്ബാരിയേഴ്സ്
റെയിൽവേ സ്പാനിൻെറ വീതി	12 മീറ്റർ –7.5 മീറ്റർ വീതിയിൽ ക്യാരേജ് വേ, ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിൽ നടപാത, ഇരുവശങ്ങളിലും 500 മില്ലിമീറ്റർ ക്രാഷ്ബാരിയർ, ഇരുവശങ്ങളിലും 250 മില്ലിമീറ്റർ പാരപ്പെറ്റ്
സർവീസ് റോഡിൻെറ വീതി	ഇരുവശങ്ങളിലും 4.50 മീറ്റർ
നടപാത	ഒരു വശത്ത് 1.5 മീറ്റർ വീതിയിൽ നടപാത, മറുവശത്ത് റെയിൽവേ സ്പാനിൽ നടപാത നൽകി സ്റ്റെയർ മുഖാന്തിര

	സർവ്വീസ് റോഡിൽ ബന്ധിപ്പിക്കും
അനുബന്ധ റോഡിൻെറ നീള	മങ്കര ഭാഗത്ത് 221.39 മീറ്ററും പാലക്കാട് ഭാഗത്ത് 186 മീറ്ററും

2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് നിലവിലുള്ള വൈദ്യുതി തൂണുകൾ, ടെലിഫോൺ തൂണുകൾ, ട്രാൻസ്ഫോർമർ എന്നിവ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെയും വാഹനങ്ങളുടെയും ഗതാഗതം തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് ദക്ഷിണ റെയിൽവേ കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ പ്രൊജക്ട് മാനേജ്മെൻറ് വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ബാഹ്യ കൺസൾട്ടൻസി ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി താഴെ പറയുന്ന പഠനങ്ങൾ നടത്തിയതായി പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ വെളിപ്പെടുത്തിയിരിക്കുന്നു

- ട്രാഫിക് സർവെ
- റീകണെയ്സൻസ് സർവെ
- ടോപ്പോഗ്രഫിക് സർവെ
- ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ
- മണ്ണ് പരിശോധന

പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച് നടത്തികൊണ്ടിരിക്കുന്ന കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്.

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

പാലക്കാട് ജില്ലയിൽ മങ്കര-പാലക്കാട് റോഡിൽ കാളിക്കാവ് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ലെവൽ ക്രോസ് നമ്പർ 164 ന് പകരമായി റെയിൽവേ മേൽപാലം നിർമ്മിക്കുന്നതിന് മങ്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 10 ൽ 290, 293, 384, 385, 412, 413 സർവ്വേ നമ്പറുകളിൽ നിന്ന് ഏകദേശം 0.4863 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ട പരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(MS)No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം
- ❖ വിവരവകാശ നിയമം 2005

അദ്ധ്യായം 3
പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

പാലക്കാട് ജില്ലയിൽ മങ്കര-പാലക്കാട് റോഡിൽ കാളിക്കാവ് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ലെവൽ ക്രോസ് നമ്പർ 164 ന് പകരമായ് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് മങ്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 10 ൽ 290, 293, 384, 385, 412, 413 സർവ്വേ നമ്പറുകളിൽ നിന്ന് ഏകദേശം 0.4863 ഹെക്ടർ സ്ഥലം, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് പാലക്കാട് ജില്ലാ കളക്ടർ 2021 നവംബർ 19 തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ DCPKD/6093/2019-C2 , 2021 നവംബർ 23 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3456 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട് റീച്ചിൻെറ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ- സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 13 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്. പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.1.1. പഠന സംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസയോഗ്യത പദവി	പ്രവർത്തനപരിചയം
1	ഡോ:ബിനോയ് ജോസഫ്	എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്)	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം
2	Dr. Fr. സാജു എം. ഡി	എം.ഫിൽ , പി.എച്ച്.ഡി.. കൺസൾട്ടൻറ്	അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം
3	Fr. ഷിൻേറാ ജോസഫ്	എം.എസ്.ഡബ്ല്യൂ, എം.ഫിൽ കൺസൾട്ടൻറ്	അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം
4	മീന കുരുവിള	എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ	വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം
5	മരിയ ടെൻസി വി.എസ്.	എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ്	വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം
6	ബിജു സി.പി.	ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ	വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം
7	ദിവ്യ രാജേഷ്	എം.എ റിസേർച്ച് അസ്സോസിയേറ്റ്	വികസനമേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം
8	കെസിയമോൾ മാത്യു	എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്	വികസനമേഖലയിൽ 3 മാസം പ്രവർത്തന പരിചയം
11	എലിസബത്ത് പെനെലോപ്പ് ലോബോ	എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ്	34 വർഷത്തെ പ്രവർത്തന പരിചയം
12	ഫിലോമിന കെ.എ.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	28 വർഷത്തെ പ്രവർത്തന പരിചയം
13	ഇന്ദിര വി. വി..	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	30 വർഷത്തെ പ്രവർത്തന പരിചയം

3.2.പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാലും, നിർദ്ദിഷ്ട പദ്ധതിമൂലം പ്രത്യാഘാത ബാധിതരാകുന്ന ഭൂവുടമകളുടെ എണ്ണം കുറവ് ആയതിനാലും പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാരീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 04.12.2021 തീയതിയിൽ പദ്ധതിപ്രദേശം സന്ദർശിക്കുകയും, മുൻപേ തയ്യാറാക്കി, പരിശോധിച്ച് സ്ഥിരീകരിച്ച ചോദ്യാവലി ഉപയോഗിച്ച് പദ്ധതി ബാധിതരാകുന്ന 11 കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. കൂടാതെ അന്നേദിവസം മങ്കര ഗ്രാമപഞ്ചായത്ത്

പ്രസിഡൻറിനെയും ഏതാനും ജനപ്രതിനിധികളെയും നേരിൽ കാണുകയും പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുമുള്ള അവരുടെ അഭിപ്രായങ്ങൾ അഭിമുഖത്തിലൂടെ ശേഖരിക്കുകയും ചെയ്തു.

പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാധികാരിയായ കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (K-rail) കാര്യാലയത്തിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ താഴെ വിവരിക്കുന്നു.

- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ
- ജനപ്രതിനിധികളുമായ് അഭിമുഖം
- ഭൂമിഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച രേഖകളുടെ പഠനം
- അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെയും റിപ്പോർട്ടുകളുടെയും പഠനം
- ലഭിച്ച വിവരങ്ങളുടെ വിശകലനം
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കൽ
- പബ്ലിക് ഹിയറിങ്ങ് ആസൂത്രണം

പറളി-മങ്കര റെയിൽവേ മേൽപാലം നിർമ്മിക്കുന്നതിന് പലക്കാട് ജില്ലയിലെ മങ്കര വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാലും, നിർദ്ദിഷ്ട പദ്ധതിമൂലം പ്രത്യാഘാത ബാധിതരാകുന്ന ഭൂവുടമകളുടെ എണ്ണം കുറവ് ആയതിനാലും പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതിപ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന 11 കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. പദ്ധതി പ്രദേശത്ത് നിന്ന് അകലെ താമസിക്കുന്ന 1 കുടുംബത്തിൽ നിന്ന് വിവരങ്ങൾ ലഭിച്ചിട്ടില്ല

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന രേഖ തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നുമാണ് പഠനസംഘം പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്

- മങ്കര ഗ്രാമ പഞ്ചായത്ത് പ്രസിഡൻറും ഏതാനും ജനപ്രതിനിധികളും ഒരുമിച്ച് പഠന സംഘം നടത്തിയ പദ്ധതി പ്രദേശ സന്ദർശനവും നിരീക്ഷണവും
- മങ്കര ഗ്രാമ പഞ്ചായത്ത് പ്രസിഡൻറും ഏതാനും ജനപ്രതിനിധികളുമായ് അഭിമുഖം
- പദ്ധതിബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ സാമൂഹ്യ- സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം

പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാധികാരിയായ കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (K-rail) കാര്യാലയത്തിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം താഴെ നൽകിയിരിക്കുന്നു :

- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- മങ്കര ഗ്രാമപഞ്ചായത്ത് സന്ദർശനം
- പദ്ധതി പ്രദേശത്ത് സന്ദർശനം
- ജനപ്രതിനിധികളുമായ് അഭിമുഖം
- പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട്രേഖ തയ്യാറാക്കൽ
- പബ്ലിക് ഹിയറിങ്ങ് ആസൂത്രണം

3.6. പഠനത്തിൻെറ പരിമിതി

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള വസ്തുവകകൾ 12 വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെന്ന് പഠന സംഘം മനസിലാക്കുന്നു. ഇവരിൽ 11 ഭൂവുടമകളെയാണ് പഠന സംഘത്തിന് ബന്ധപ്പെടുവാനും വിവരശേഖരണം നടത്തുവാനും കഴിഞ്ഞത്. പദ്ധതി പ്രദേശത്ത് നിന്നും അകലെ താമസിക്കുന്ന 1 കുടുംബത്തിൽ നിന്ന് വിവരശേഖരണം നടത്തുന്നതിന് പഠനസംഘത്തിന് കഴിഞ്ഞിട്ടില്ല എന്നത് പഠനത്തിൻെറ ഒരു പരിമിതിയായ് കാണാവുന്നതാണ്.

അദ്ധ്യായം 4

സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

പാലക്കാട് ജില്ലയിൽ കാളിക്കാവ് എന്ന് അറിയപ്പെടുന്ന ഗ്രാമത്തിൽ മങ്കര-പാലക്കാട് റോഡിൽ സ്ഥിതി ചെയ്യുന്ന ലെവൽ ക്രോസ് നമ്പർ 164 ന് പകരമായിട്ടാണ് മേൽപ്പാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. മങ്കര-പാലക്കാട് റോഡിനോട് ചേർന്ന് ഇരുവശങ്ങളിലുമായിട്ടാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന വസ്തുവകകൾ സ്ഥിതി ചെയ്യുന്നത്. പ്രസ്തുത പ്രദേശം ജനവാസസ്ഥലങ്ങളാണ്. കൂടാതെ ചെറുകിട കച്ചവടങ്ങൾ നടക്കുന്ന കടകളും നിലവിൽ കൃഷി ചെയ്യുന്നതും അല്ലാത്തതുമായ വയലുകളും പദ്ധതി പ്രദേശത്ത് ഉണ്ട്. പദ്ധതി പ്രദേശം പാലക്കാട് പട്ടണത്തിൽ നിന്നും 20 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നു. മങ്കര റെയിൽവേ സ്റ്റേഷൻ പദ്ധതി പ്രദേശത്ത് നിന്നും 2 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നു.

ചിത്രം 4.1.1. പദ്ധതിപ്രദേശത്തിൻെറ ലൊക്കേഷൻ മാപ്പ്



4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പാലക്കാട് ജില്ലയിൽ തിരക്കേറിയ റോഡുകളിൽ ഒന്നായ പാലക്കാട്-പൊന്നാനി റോഡിന് സമാന്തര റോഡും പാലക്കാട് ജില്ലയിലെ ഒരു പ്രധാന റോഡുമായ മങ്കര-പാലക്കാട് റോഡിലാണ് എൽ.സി.നമ്പർ 164 സ്ഥിതിചെയ്യുന്നത്. മങ്കര-പാലക്കാട് റോഡ് ദേശീയ പാത 544 (കുഴൽമന്ദം) മായും തമിഴ്നാട സംസ്ഥാനത്തിലെ പൊള്ളാച്ചിയിലേക്ക് പോകുന്ന അന്താരാഷ്ട്ര പാതയുമായും (സംസ്ഥാന പാത 27) ബന്ധിക്കപ്പെട്ടിരിക്കുന്നു. നിർദ്ദിഷ്ട പദ്ധതി നിലവിൽ വന്നാൽ പാലക്കാട് ജില്ലയുടെ പശ്ചിമ മേഖലകൾ ക്കിടയിലും (ഷൊർണൂർ, പട്ടാമ്പി, ഒറ്റപ്പാലം) പൊള്ളാച്ചിയിലേക്കും യത്രചെയ്യുന്നവർക്ക് തിരക്കേറിയ പാലക്കാട് പട്ടണത്തിലൂടെയുള്ള യാത്ര ഒഴിവാക്കി മങ്കര- കുഴൽമന്ദം- സംസ്ഥാനപാത 27 റോഡിലൂടെ സുഗമമായി യാത്ര ചെയ്യുവാൻ കഴിയും. നിർദ്ദിഷട ലെവൽ ക്രോസിങ്ങിൽ നിന്നും 2 കിലോമീറ്റർ ദൂരത്തിലുള്ള മങ്കര റെയിൽവേ സ്റ്റേഷ നിലേക്ക് പ്രദേശവാസികൾക്ക് എളുപ്പത്തിൽ എത്തിച്ചേരുവാൻ കഴിയും. പ്രദേശത്തെ ജനവാസമുള്ള കോളനികളിലേക്കുള്ള ഒരു പ്രധാന പാതയായ മങ്കര-പാലക്കാട് റോഡിൽ തിരക്കേറിയ സമയങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് പരിഹരിച്ച് പ്രദേശത്തെ ഗതാഗതം സുഗമമാക്കുന്നതിന് റെയിൽവേ മേൽപ്പാലം നിർമ്മിക്കേണ്ടത് അത്യന്താപേക്ഷി തമാണ്. റോഡ് ഉപയോക്താക്കളുടെയും തീവണ്ടികളുടെയും സുരക്ഷിതത്വം ഉറപ്പാക്കുന്ന തിനും പ്രദേശത്തെ റോഡ് ഗതാഗതം സുഗമമാക്കുന്നതിനും റെയിൽവേയുടെ പ്രവർ ത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ഈ പ്രദേശത്ത് ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കണമെന്നത് ഏറെ നാളായി ഉന്നയിക്കപ്പെടുന്ന ഒരു ആവശ്യമാണ്. കേരള ത്തിൻെറ നെല്ലറ എന്നറിയപ്പെടുന്ന പാലക്കാട് ജില്ലയിൽ ഉൾപ്പെടുന്ന നിർദ്ദിഷട പദ്ധതി പ്രദേശത്തും സമീപപ്രദേശങ്ങളിലും കാർഷിക പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങ ളാണ്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ കാർഷിക മേഖലയ്ക്കും പ്രയോജനകരമായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു. റെയിൽവേ മേൽപ്പാലവും റോഡ് വികസനവും നടപ്പിൽ വരുമ്പോൾ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികവിഭവങ്ങൾ വിപണനത്തിനായി മറ്റ് പ്രദേശങ്ങളിലേക്ക് സുഗമമായും എളുപ്പത്തിലും കടത്തികൊണ്ട് പോകുന്നതിന് കഴിയും. കൂടാതെ പ്രദേശത്തെ യാത്രാസൗകര്യം മെച്ചപ്പെടുന്നതോടെ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ വാങ്ങുന്നതിന് മറ്റ് പ്രദേശങ്ങളിൽ നിന്നും ആളുകൾ എത്തിച്ചേരുന്നതിനും സാധ്യതയുണ്ട്.

മങ്കര-പാലക്കാട് റോഡിൽ സ്ഥിതിചെയ്യുന്ന എൽ.സി.നമ്പർ 164 ന് പകരമായി മേൽപാലവും അനുബന്ധ റോഡും നിലവിൽ വരുമ്പോൾ പ്രദേശത്തിന് മേൽ വിവരിച്ചിട്ടുള്ള അനുകൂല പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട് എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതിബാധിതരാകുന്ന ഭൂവുടമകൾക്കും പദ്ധതി പ്രദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾക്കും സ്ഥലം നഷ്ടമാകൽ, ഭവനം നഷ്ടമാകൽ, ഉപജീവനമാർഗം നഷ്ടമാകൽ തുടങ്ങിയ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറയും പദ്ധതി ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വെയുടെയും വെളിച്ചത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള സ്ഥലങ്ങൾ 12 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ് എന്ന് മനസിലാക്കുന്നു. ടി ഉടമകൾക്ക് തങ്ങളുടെ കൈവശ ഭൂമി നഷ്ടമാകുന്നു/കുറവ് വരുന്നു. ഈ കുടുംബങ്ങളിൽ 1 കുടുംബം താമസിച്ച് വരുന്ന, 8 വർഷത്തിനുള്ളിൽ നിർമ്മിച്ച, മതിയായ സൗകര്യങ്ങളുള്ള വീട് നഷ്ടമാകുന്നു എന്നത് പദ്ധതിയുടെ ഒരു വലിയ പ്രത്യാഘാതമാണ്. കൂടാതെ മറ്റൊരു ഉടമയുടെ ഇരുനില കെട്ടിടം പദ്ധതിബാധിതമാകുന്നതിനാൽ ഉടമയുടെ ഒരു പ്രധാന വരുമാനമാർഗം നഷ്ടമാകുന്നു. ടി കെട്ടിടത്തിൽ 3 വർഷക്കാലമായ് വാടകക്ക് കച്ചവടം നടത്തി ഉപജീവനം നടത്തുന്ന മറ്റൊരു കുടുംബത്തിനും ഉപജീവനമാർഗം നഷ്ടമാകുന്നുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ കെ-റെയിലിന് വേണ്ടി M/S. വെൽസിറ്റി കൺസൾട്ടിങ്ങ് എഞ്ചിനീയേഴ്സ് തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയിൽ പദ്ധതിക്ക് ആവശ്യമായി വരുന്നത് ഏകദേശം 0.4863 സ്ഥലമാണ് എന്ന് വെളിപ്പെടുത്തിയിരിക്കുന്നു. അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം പ്രകാരം പദ്ധതിക്ക് ആവശ്യമായ ഏകദേശം 0.4863 സ്ഥലം ഏറ്റെടുക്കുന്നതിന്, ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻെറ സർവ്വെ നമ്പർ സഹിതം പാലക്കാട് ജില്ലാകളക്ടറുടെ 2021 നവംബർ 19 തീയതിയിലെ വിജ്ഞാപനം നമ്പർ DCPKD/6093/2019-C2 2021 നവംബർ 23 തിയ്യതിയിലെ കേരള ഗസറ്റ് നമ്പർ 3456 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ്

ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ച തിൻെറ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പ്രദേശവാസികൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ ഒന്നും ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് ഇല്ല.

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

പദ്ധതിയ്ക്കു വേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പണയത്തി നെടുക്കുകയോ ചെയ്തിട്ടില്ല.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

പാലക്കാട് ജില്ലയിൽ മങ്കര വില്ലേജിൽ മങ്കര-പാലക്കാട് റോഡിനോട് ചേർന്ന് ഇരുവശങ്ങളിലുമായിട്ടാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. കാളിക്കാവ് എന്ന പേരിൽ അറിയ പ്പെടുന്ന പദ്ധതി പ്രദേശം പാലക്കാട് പട്ടണത്തിൽ നിന്നും 20 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നു. സ്വഛസുന്ദരമായ ഒരു ഗ്രാമപ്രദേശമാണ് ഇത്. പദ്ധതി ബാധിത മാകുന്ന പ്രദേശങ്ങൾ ജനവാസസ്ഥലങ്ങളും, കൃഷി ഭൂമിയും, ചെറുകിട കച്ചവടങ്ങൾ നടക്കുന്ന സ്ഥലങ്ങളുമാണ്. മങ്കര റെയിൽവേ സ്റ്റേഷൻ പദ്ധതി പ്രദേശത്ത് നിന്നും 2 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നു. റവന്യൂ രേഖ പ്രകാരം പദ്ധതി പ്രദേശങ്ങൾ "നിലം" വിഭാഗത്തിൽ പെടുന്നു.

4.7.ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ റവന്യൂ രേഖ പ്രകാരം പദ്ധതി പ്രദേശങ്ങൾ "നിലം" വിഭാഗത്തിൽ പെടുന്നു.

ചിത്രം.4.7.1. : പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം



പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 2 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്കും, 1 ഉടമയുടെ സ്ഥലം താമസത്തിനും കച്ചവട ആവശ്യത്തിനും, 3 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും, 4 ഉടമകളുടെ സ്ഥലം കൈവശഭൂമി മാത്രമായും ഉപയോഗിക്കുന്നു. 1 ഉടമയുടെ സ്ഥലം കുടുംബം താമസിക്കുന്നതിന് വീട് നിർമ്മിക്കുന്നതിന് വേണ്ടി വാങ്ങിയതാണ്. ശേഷിക്കുന്ന 1 ഉടമയിൽ നിന്ന് വിവരം ലഭിച്ചിട്ടില്ല.

ഏറ്റെടുക്കപ്പെടുന്ന 2 സ്ഥലങ്ങളിലാണ് നിലവിൽ കൃഷി ചെയ്യുന്നത്; ടി സ്ഥലങ്ങളിൽ 1 ഉടമയുടെ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്, 1 ഉടമയുടെ സ്ഥലത്ത് വാഴ കൃഷിയുണ്ട്. ശ്രീ.രമേശ് പി.വി. യുടെ ഉടമസ്ഥതയിലുള്ള സർവെ നമ്പർ 412/2 ൽ നിന്ന് വർഷത്തിൽ ഏകദേശം 8 ചാക്ക് അരി ഉൽപ്പാദിപ്പിക്കാറുണ്ടെന്ന് ഉടമ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ വെളിപ്പെടുത്തി. ശ്രീ.സുനിൽ കുമാറിൻെറ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 15 വാഴകളുണ്ട് എന്ന് സർവെയിൽ ഉടമ വ്യക്തമാക്കി.

4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള സ്ഥലങ്ങൾ ഉടമയുടെ വ്യക്തിഗത ഉടമസ്ഥതയിലുള്ളതും ഉടമകൾ വിവിധ കാലയളവുകളിൽ വാങ്ങിയതുമാണ്. പ്രസ്തുത സർവെ നമ്പറുകളിൽ ഉടമകൾക്ക്

കൈവശമായിട്ടുള്ള സ്ഥലത്തിൻെറ ആകെ അളവും ടി സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ കാലയളവിനെക്കുറിച്ചും വിവരദാതാക്കൾ സർവ്വെയിൽ നൽകിയ വിവരങ്ങൾ തുടർന്ന് നൽകിയിട്ടുള്ള പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 4.8.1. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ കാലയളവ്

ക്രമനമ്പർ	*ഉടമയുടെ പേര്*	*സർവ്വെ നമ്പർ*	*ആകെ അളവ് (സെൻറിൽ)*	*കൈവശമായ കാലയളവ്*
1	രമേശ് പി.വി	412/2	13.5	17 വർഷം
2	ലതാദേവി വി.സി.	290/12	9.5	21/03/2006
3	ലീന പി.യു.	412/23	14	12 വർഷം
4	സുനിൽകുമാർ പി.സി	412/19	8.5 cent	2014
5	രുഗ്മണി	293/5	13	40 വർഷം
6	കുട്ടികൃഷ്ണൻ	412/17, 412/6	36	2009
7	ശിവദാസൻ	412/10	14	6 വർഷം
8	പദ്മകുമാർ		12	65 വർഷം
9	കുട്ടികൃഷ്ണൻ സി. സി		50	1980
10	സുജാത.ജെ	413/5	19	2013
11	മഞ്ചുള നായര്	384	35	12/09/2011
12	പി.ആർ. കമല	വിവരം ലഭ്യമല്ല		

സർവെ നമ്പർ 412/23 ൽ ശ്രീമതി.ലീന പി.യു. വിൻെറ ഉടമസ്ഥതയിലുള്ള കുടുംബം താമസിക്കുന്ന മതിയായ സൗകര്യങ്ങളുള്ള വീട് പദ്ധതിബാധിതമാകുന്നുണ്ട്. കൂടാതെ സർവ്വെ നമ്പർ 29/12 ൽ ശ്രീമതി ലതാദേവിയുടെ ഉടമസ്ഥതയിലുള്ള കുടുംബങ്ങൾക്ക് താമസത്തിനും കച്ചവടത്തിനുമായി വാടകക്ക് നൽകിയിരിക്കുന്ന ഇരുനില കെട്ടിടം പദ്ധതിബാധിതമാകുന്നുണ്ട്.

4.9.കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിതമാകുന്ന ഭൂവുടമകളിൽ യാതൊന്നിലും കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല. പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 2 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്കും, 1 ഉടമയുടെ സ്ഥലം താമസത്തിനും കച്ചവട ആവശ്യത്തിനും, 3 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും, 3 ഉടമകളുടെ സ്ഥലം കൈവശഭൂമി മാത്രമായും ഉപയോഗിക്കുന്നു. 1 ഉടമയുടെ സ്ഥലം കുടുംബം താമസിക്കുന്നതിന് വീട് നിർമ്മിക്കുന്നതിന് വേണ്ടി വാങ്ങിയതാണ്. ശേഷിക്കുന്ന 1 ഉടമയിൽ നിന്ന് വിവരം ലഭിച്ചിട്ടില്ല.

അദ്ധ്യായം – 5
ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പാലക്കാട് ജില്ലയിൽ ലെവൽ ക്രോസ് നമ്പർ 164 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി മങ്കര വില്ലേജിൽ നിന്നും ഏകദേശം 0.4863 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി മങ്കര വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായി പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുണ്ടെന്ന് മനസിലാക്കുന്നു.

5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

2021 നവംബർ 23 തിയ്യതിയിലെ കേരള ഗസറ്റ് നമ്പർ 3456 ൽ പ്രസിദ്ധപ്പെടുത്തിയ പാലക്കാട് ജില്ലാകളക്ടറുടെ 2021 നവമ്പർ 19 തീയതിയിലെ വിജ്ഞാപനം നമ്പർ DCPKD/6093/2019-C2 പ്രകാരം പാലക്കാട്–മങ്കര റോഡിൽ സ്ഥിതി ചെയ്യുന്ന ലെവൽ ക്രോസ് നമ്പർ 164 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്ന പദ്ധതിക്ക് വേണ്ടി ഏകദേശം 0.4863 സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലങ്ങളുടെ ഉടമകളുടെ എണ്ണം 12 ആണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാക്കുന്നു. പ്രസ്തുത ഉടമകളുടെ പേരും മറ്റ് വിവരങ്ങളും അനുബന്ധം 1 ആയ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വനവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതിബാധിതമാകുന്നില്ല.

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

കുടുംബങ്ങൾ ഉപജീവനത്തിനായ് ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

സർവ്വെ നമ്പർ 290/12 ൽ ശ്രീമതി ലതാദേവിയുടെ ഉടമസ്ഥതയിലുള്ള ഇരുനില കെട്ടിടം കുടുംബങ്ങളുടെ താമസത്തിനും കച്ചവടത്തിനുമായി വാടകക്ക് നൽകിയിരിക്കുന്നു. ശ്രീ.ഫാരിസ് ടി.ബി. യുടെ കുടുംബം 3 വർഷങ്ങളായി ടി കെട്ടിടത്തിൽ താമസിക്കുകയും കച്ചവടം ചെയ്യുകയും ചെയ്യുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബത്തിൻെറ താമസവും ഉപജീവനമാർഗവും നഷ്ടമാകുന്നു. കൂടാതെ ശ്രീ.അലി. പി.എ. യുടെ കുടുംബവും ടി കെട്ടിടത്തിൽ 3 വർഷങ്ങളായി താമസിക്കുന്നു.

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

ശ്രീ.പി.വി. രമേശിൻെറ 412/2 സർവെ നമ്പരിലുള്ള നെൽകൃഷി കുടുംബത്തിൻെറ ഉപജീവനമാർഗമാണ്. സർവ്വെ നമ്പർ 290/12 ൽ ശ്രീമതി ലതാദേവിയുടെ ഉടമസ്ഥതയിലുള്ള ഇരുനില കെട്ടിടം കുടുംബങ്ങളുടെ താമസത്തിനും കച്ചവടത്തിനുമായി വാടകക്ക് നൽകിയിരിക്കുന്നു. വാടകയിനത്തിൽ ഇവിടെ നിന്നും ലഭിക്കുന്ന വരുമാനം ഉടമയുടെ പ്രധാന വരുമാനമാണെന്ന് സർവെയിൽ വെളിപ്പെടുത്തി. കൂടാതെ സർവെ നമ്പർ 293/5 ൽ രുഗ്മിണിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം നഷ്ടമാകുന്നത് മൂലം കുടുംബത്തിൻെറ ഉപജീവനമാർഗമായ കന്നുകാലി വളർത്തലിൽ ബുദ്ധിമുട്ടാകും എന്ന് കുടുംബം സർവെയിൽ വെളിപ്പെടുത്തി. കൂടാതെ പദ്ധതിബാധിതമാകുന്ന ഇരുനില

കെട്ടിടത്തിൽ 3 വർഷങ്ങളായി ബിരിയാണി കട നടത്തുന്ന ശ്രീ.അലി. പി.എ. യുടെ കുടുംബത്തിൻെറയും ഉപജീവനമാർഗം നഷ്ടമാകുന്നു

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

സർവ്വെ നമ്പർ 290/12 ൽ ശ്രീമതി ലതാദേവിയുടെ ഉടമസ്ഥതയിലുള്ള ഇരുനിലകെട്ടിടം കുടുംബങ്ങളുടെ താമസത്തിനും കച്ചവടത്തിനുമായി വാടകക്ക് നൽകിയിരിക്കുന്നു. ശ്രീ.ഫാരിസ് ടി.ബി. യുടെ കുടുംബം 3 വർഷങ്ങളായി ടി കെട്ടിടത്തിൽ താമസിക്കുകയും കച്ചവടം ചെയ്യുകയും ചെയ്യുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബ ത്തിൻെറ താമസവും ഉപജീവനമാർഗവും നഷ്ടമാകുന്നു. കൂടാതെ ശ്രീ.അലി. പി.എ. യുടെ കുടുംബവും ടി കെട്ടിടത്തിൽ 3 വർഷങ്ങളായി താമസിക്കുന്നു.

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പട്ടിക 5.6.1. പ്രത്യേക സ്ഥലങ്ങളുടെ വിവരപട്ടിക

ക്രമനമ്പർ	*ഉടമയുടെ പേര്*	*സർവ്വെ നമ്പർ*	*പ്രത്യേക വസ്തുക്കൾ*
1	രമേശ് പി.വി	412/2	നെൽകൃഷി
2	ലതാദേവി വി.സി.	290/12	ഇരുനിലകെട്ടിടം, തെങ്ങ് (9)
3	ലീന പി.യു.	412/23	വീടും അനുബന്ധ സൗകര്യങ്ങളും, തെങ്ങ് (2), മാവ് (8), പ്ലാവ് (1), സപ്പോട്ട (2), മാതളം (2), ചെറി(1), പപ്പായ (6), സീതപഴം(6), റമ്പൂട്ടാൻ (1), ഞാവൽ (1), ചാമ്പ (2)
4	സുനിൽകുമാർ പി.സി	412/19	തെങ്ങ് (2), വാഴ (15)
5	രുഗ്മണി	293/5	ചുറ്റുമതിൽ, ഗേറ്റ്, കിണർ മാവ് (2) കുരുമുളക്
6	കുട്ടികൃഷ്ണൻ	412/17, 412/6	കിണർ, ചുറ്റുമതിൽ, തെങ്ങ് (10), മാവ് (1), കവുങ്ങ് (1)
7	കുട്ടികൃഷ്ണൻ സി. സി		ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് (2), മാവ് (4), പുളി (1)
8	മഞ്ചുള നായർ	384	ഗേറ്റ്, കമ്പിവേലി

അദ്ധ്യായം 6
സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പറളി-മങ്കര റെയിൽവേ മേൽപ്പാല നിർമ്മാണത്തിനു വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ 4 ഉടമകൾ മാത്രമാണ് പദ്ധതിപ്രദേശത്തും സമീപത്തുമായി താമസിക്കുന്നത്. കൂടാതെ പദ്ധതിബാധിതമാകുന്ന കെട്ടിടത്തിൽ 2 കുടുംബങ്ങൾ വാടകക്ക് താമസിക്കുന്നുണ്ട്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ വിവരം നൽകിയ പദ്ധതി ബാധിതരാകുന്ന 11 ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ പട്ടിക 6.1.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 6.1.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായവും ലിംഗഭേദവും

പ്രായം	സ്ത്രീ	പുരുഷൻ	ആകെ എണ്ണം
0 – 18	3	4	7
18–35	1	7	8
35–45	7	1	8
45–60	2	8	10
60–75	3	1	4
ആകെ	**16**	**21**	**37**

സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ വിവരം നൽകിയ 11 പദ്ധതി ബാധിത കുടുംബങ്ങളിലെ ആകെ ജനസംഖ്യ 37 ആണെന്ന് പട്ടിക 6.1.1. വ്യക്തമാക്കുന്നു. ഇവരിൽ 3 പെൺകുട്ടികളും 4 ആൺകുട്ടികളും 18 വയസിൽ താഴെ പ്രായമുള്ളവരാണ്. 18 നും 35 നും ഇടയിൽ പ്രായമുള്ള 8 അംഗങ്ങളിൽ 1 അംഗം സ്ത്രീയും 7 അംഗങ്ങൾ പുരുഷന്മാരുമാണ്. 7 പുരുഷന്മാരും 1 സ്ത്രീയും 35 നും 45നും ഇടയിൽ പ്രായമുള്ളവരാണ്. 45 നും 60 നും ഇടയിൽ പ്രായമുള്ള 10 അംഗങ്ങളിൽ 2 സ്ത്രീകളും 8 പുരുഷൻമാരും ഉണ്ട്. പദ്ധതിബാധിത കുടുംബാംഗങ്ങളിലെ വയോജനങ്ങളുടെ, അതായത് 60 നും 75 നും ഇടയിൽ പ്രായമുള്ളവരുടെ എണ്ണം 4 ആണ്; ഇവരിൽ 3 പേർ സ്ത്രീകളും 1 വ്യക്തി പുരുഷനുമാണ്.

പദ്ധതി ബാധിത കുടുംബാംഗങ്ങളിൽ 2 വിധവകൾ ഉണ്ടെന്ന് സർവ്വെ വെളിപ്പെടുത്തുന്നു. ഇവരിൽ 1 വ്യക്തി ഭൂവുടമയാണ്.

6.1. a. പദ്ധതിബാധിത കുടുംബങ്ങളുടെ മതവും സാമൂഹ്യ വിഭാഗവും

സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ വിവരം നൽകിയ 11 പദ്ധതി ബാധിതകുടുംബങ്ങളും ഹിന്ദു മതത്തിൽ വിശ്വസിക്കുന്നവരാണ്.

ചിത്രം 6.1.1. പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ വിഭാഗം



സർവ്വെയിൽ പങ്കെടുത്ത 11 പദ്ധതിബാധിത കുടുംബങ്ങൾ ഏതേത് സാമൂഹ്യ വിഭാഗത്തിലെ പെടുന്നു എന്ന് ചിത്രം 6.1.1. വ്യക്തമാക്കുന്നു. 8 കുടുംബങ്ങൾ (73%) മറ്റ്

പിന്നോക്ക വിഭാഗത്തിലും, 1 കുടുംബം (9%) പട്ടിക ജാതി വിഭാഗത്തിലും, 2 കുടുംബങ്ങൾ (18%) പൊതുവിഭാഗത്തിലും ഉൾപ്പെടുന്നു.

6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള ഭൂവുടമകളുടെ കുടുംബങ്ങളുടെ തൊഴിൽ, വരുമാനം തുടങ്ങിയ വിവരങ്ങളാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

പദ്ധതിബാധിത കുടുംബങ്ങളിലെ ആകെ ജനസംഖ്യയായ 37 ൽ 15 പേർ മാത്രമാണ് വരുമാനദാതാക്കളായുള്ളത്. ശേഷിച്ച 22 അംഗങ്ങൾ ആശ്രിതരാണ്.

ചിത്രം 6.2.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ തൊഴിൽ



പദ്ധതിബാധിത കുടുംബാംഗങ്ങളിലെ വരുമാനദാതാക്കളായ 15 പേരിൽ 4 അംഗങ്ങൾ കൃഷി ഉപജീവനമാർഗമായി സ്വീകരിച്ചവരാണ്. 1 വ്യക്തി വിദേശത്ത് ജോലി ചെയ്യുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 3 വ്യക്തികളും, സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന 4 വ്യക്തികളും, പെൻഷൻ ആശ്രയിച്ച് ജീവിക്കുന്ന 1 വ്യക്തിയും ഉണ്ട്. ശേഷിക്കുന്ന വരുമാനദാതാക്കളായ 2 അംഗങ്ങളിൽ 1 അംഗം കൂലിവേല ചെയ്യുന്നയാളും 1 അംഗം ചായക്കട നടത്തുന്നയാളുമാണ്.

ചിത്രം 6.2.2. പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനം



പദ്ധതിബാധിത കുടുംബങ്ങളിൽ 2 കുടുംബങ്ങളുടെ മാസവരുമാനം 10,000 രൂപയാണെന്ന് സർവ്വെയിൽ വ്യക്തമാക്കി. 6 കുടുംബങ്ങളിൽ ഓരോ കുടുംബത്തിൻെറയും മാസവരുമാനം 15000, 22000, 25000, 30000, 32000, 100000 രൂപ നിരക്കിലാണ്. ശേഷിച്ച 1 കുടുംബം പ്രസ്തുത വിവരം വെളിപ്പെടുത്തിയില്ല

സർവ്വെയിൽ പങ്കെടുത്ത 11 ഭൂവുടമകളുടെ കുടുംബങ്ങൾക്ക് പൊതുവിതരണ സംവിധാനമനുസരിച്ച് ലഭിച്ചിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ പട്ടിക 6.2.1.ൽ വിവരിക്കുന്നു.

പട്ടിക 6.2.1.: പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ

റേഷൻ കാർഡിൻെറ നിറം	ഉടമകൾ
മഞ്ഞ	..
പിങ്ക്	2
നീല	3
വെള്ള	6
ആകെ	**11**

പദ്ധതിബാധിതരാകുന്ന 6 കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡും, 3 കുടുംബങ്ങൾക്ക് നീല നിറത്തിലുള്ള റേഷൻ കാർഡും, 2 കുടുംബങ്ങൾ പിങ്ക് നിറത്തിലുള്ള രേഷൻ കാർഡുമാണ് ലഭിച്ചിട്ടുള്ളത്.

6.3. ദുർബലജനവിഭാഗം

സർവ്വെയിൽ പങ്കെടുത്ത പദ്ധതി ബാധിതരാകുന്ന ഭൂവുടമകളിൽ 2 കുടുംബങ്ങൾ പട്ടിക ജാതി വിഭാഗത്തിലും 8 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും പെടുന്നവരാണ്. പദ്ധതി ബാധിത കുടുംബാംഗങ്ങളിൽ ഒരു ഭൂവുടമ ഉൾപ്പടെ 2 അംഗങ്ങൾ വിധവക ളാണ്. പദ്ധതിബാധിത കുടുംബാംഗങ്ങളിൽ 7 അംഗങ്ങൾ 18 വയസിൽ പ്രായമുള്ള കുട്ടികളും 4 അംഗങ്ങൾ വയോജനങ്ങളുമാണ്.

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 2 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്കും, 1 ഉടമയുടെ സ്ഥലം താമസത്തിനും കച്ചവട ആവശ്യത്തിനും, 3 ഉടമകളുടെ സ്ഥലങ്ങൾ കുടുംബങ്ങളുടെ താമസത്തിനും, 4 ഉടമകളുടെ സ്ഥലം കൈവശഭൂമി മാത്രമായും ഉപയോഗിക്കുന്നു. 1 ഉടമയുടെ സ്ഥലം കുടുംബം താമസിക്കുന്നതിന് വീട് നിർമ്മിക്കുന്നതിന് വേണ്ടി വാങ്ങിയതാണ്. ശേഷിക്കുന്ന 1 ഉടമയിൽ നിന്ന് വിവരം ലഭിച്ചിട്ടില്ല.

സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളിൽ 3 ഭൂവുടമകൾ ടി ഭൂമി ഏറ്റെടുക്കൽ തങ്ങളുടെ ഉപജീവനമാർഗത്തെ പ്രതികൂലമായി ബാധിക്കും എന്ന് അഭിപ്രായപ്പെട്ടു. ഇവരിൽ 1 ഭൂവുടമയുടെ ഉപജീവനമാർഗം കൃഷി ആയതിനാൽ പദ്ധതിബാധിത ഭൂമിയിലെ കൃഷി നഷ്ടമാകുന്നതിനാൽ വരുമാനത്തിൽ കുറവ് വരും. പദ്ധതി ബാധിതമാകുന്ന കെട്ടിട ത്തിൽ നിന്ന് വാടകയിനത്തിൽ ലഭിക്കുന്ന വരുമാനമാണ് 1 ഭൂവുടമക്ക് നഷ്ടമാകുന്നത്. കൈവശമായിരിക്കുന്ന സ്ഥലത്തിൻെറ അളവിൽ കുറവ് വരുന്നതിനാൽ ഉപജീവന മാർഗമായ കന്നുകാലി വളർത്തലിനുള്ള സൗകര്യം നഷ്ടമാകും എന്നതിനാൽ ഭൂമി ഏറ്റെ ടുക്കൽ തങ്ങളുടെ ഉപജീവനമാർഗത്തെ ബാധിക്കും എന്ന് 1 ഭൂവുടമ അഭിപ്രായപ്പെട്ടു.
ഭൂവുടമകളെ കൂടാതെ പദ്ധതിബാധിതമാകുന്ന കെട്ടിടത്തിൽ വാടകക്ക് കച്ചവടം ചെയ്യുന്നവരുടെയും തൊഴിലാളികളുടെയും ഉപജീവനമാർഗവും പദ്ധതി ബാധിത മാകുന്നുണ്ട്. ഇവരിൽ 1 വ്യക്തി 3 വർഷമായി ടി കെട്ടിടത്തിൽ കച്ചവടം ചെയ്തുവരുന്നു.

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്തുള്ള പദ്ധതി ബാധിതമാകുന്ന ഇരുനില കെട്ടിടത്തിൽ ചെറുകിട കച്ചവടങ്ങൾ നടക്കുന്നത് ഒഴിച്ചാൽ മറ്റ് സാമ്പത്തിക പ്രവർത്തനങ്ങൾ ഒന്നും പദ്ധതി പ്രദേശത്ത് നിലവിലില്ല.

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതി ബാധിത പ്രദേശത്തെയും സമീപപ്രദേശങ്ങളിലെയും പ്രധാന ഉപജീവന മാർഗം കൃഷിയാണ് എന്ന് മനസിലാക്കുന്നു. പദ്ധതി ബാധിത കുടുംബങ്ങളിൽ 4 കുടുംബങ്ങൾ കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഇവരിൽ 1 കുടുംബത്തിന് പദ്ധതി പ്രദേശത്ത് നെൽകൃഷിയുണ്ട്. 1 കുടുംബം തങ്ങളുടെ ഉപജീവനമാർഗമായ കന്ന്കാലി വളർത്തലിനു വേണ്ടി തങ്ങളുടെ പദ്ധതിബാധിത ഭൂമി ഉപയോഗിക്കുന്നു. പദ്ധതിബാധിതമാകുന്ന ഇരുനിലകെട്ടിടത്തിൽ നിന്നും ലഭിക്കുന്ന വാടക ഉടമയുടെ ഉപജീവനമാർഗമാണ്. കൂടാതെ വാടകക്കാരായ 1 കുടുംബം ടി കെട്ടിടത്തിൽ നടത്തുന്ന കച്ചവടത്തെ ആശ്രയിച്ച് ജീവിക്കുന്നു.

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും വിസ്തൃത കുടുംബ ങ്ങളുമാണ്. പദ്ധതി പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

6.8 ഭരണ സംഘടനകൾ

പറളി-മങ്കര റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ മങ്കര പഞ്ചായത്തിൽ 7,8 വാർഡുകളിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണ്. പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല

6.11പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

കേരളത്തിൻെറ നെല്ലറ എന്ന് വിശേഷിക്കപ്പെടുന്ന പാലക്കാട് പ്രകൃതി മനോഹാരിതയുള്ള ജില്ലകളിൽ ഒന്നാണ്. പാലക്കട് ജില്ലയിൽ ഉൾപ്പെടുന്ന മങ്കര ഗ്രാമത്തിലാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശമായ കാളികാവ്. ചരിത്രപരമായ് പ്രാധാന്യമുള്ള ഒരു ഗ്രാമമാണ് മങ്കര. ടിപ്പു സുൽത്താൻെറ പടയോട്ട കാലത്ത് ഒളിതാവളമായി ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്ന ടി പ്രദേശത്ത് അതിൻെറ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്. പാലക്കാട് പട്ടണത്തിൽ നിന്ന് ഏകദേശം 83 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന കാളികാവ് എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതി പ്രദേശത്ത് ധാരാളം കൃഷിസ്ഥലങ്ങളുണ്ട്. പ്രദേശത്തെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ് എന്ന് മനസിലാക്കുന്നു. ഒരു കാലത്ത് യാത്രാസംവിധാനങ്ങളും മറ്റ് സൗകര്യങ്ങളും വളരെ പരിമിതമായിരുന്ന ടി പ്രദേശം ഇപ്പോൾ വികസനത്തിൻെറ പാതയിലാണ്. 2002 ൽ മങ്കര-കാളികാവ് പാലം നിലവിൽ വന്നതോട് കൂടി ഇവിടെ യാത്രാ സൗകര്യം മെച്ചപ്പെട്ടു.

6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശമായ കാളികാവിൽ നിന്ന് ഏകദേശം 1 1/2 കിലോമീറ്റർ ദൂരത്തിലാണ് മങ്കര ഗ്രാമപഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്യുന്നത്. ജനങ്ങൾക്ക് അവശ്യ സൗകര്യങ്ങൾ എല്ലാം മങ്കരയിൽ ലഭ്യമാണ്.

അദ്ധ്യായം 7
സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്.

ആദ്യഘട്ടത്തിൽ 04.12..2021 തീയതിയിൽ പദ്ധതിപ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന പദ്ധതിബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു. അന്നേ ദിവസം നേരിൽ കാണുവാൻ കഴിയാതെ പോയ ഭൂവുടമകളെ പിന്നീട് ഫോണിൽ ബന്ധപ്പെട്ട് അതേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. പഠന സംഘം മങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറും പഞ്ചായത്ത് അംഗങ്ങളുമായും കൂടികാഴ്ച്ച നടത്തുകയും പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും അവരുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തു.

പഠനത്തിൻെറ അടുത്ത ഘട്ടമായ് 18.01.2022 ചൊവ്വാഴ്ച്ച രാവിലെ 11.00. മണിക്ക് മങ്കര കാളികാവ് ക്ഷേത്ര പരിസരത്ത് (എസ്.എസ്.ഹോട്ടലിനു സമീപം) വച്ച് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചി ട്ടുണ്ട്. പ്രസ്തുത പബ്ലിക് ഹിയറിങ്ങിനുള്ള നോട്ടീസ് പ്രാദേശിക ഭാഷാ ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും, പ്രദേശത്ത് പരസ്യപ്പെടുത്തുകയും ഭൂവുടമകൾക്ക് ടെലഫോണിലൂടെയോ നേരിട്ടോ വിവരം നൽകുകയും ചെയ്യും. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്തും പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയായ കെ-റെയിലിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ അർത്ഥനാധികാരിയുടെ കാര്യാലയത്തിലെയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിലെയും ഉദ്യോഗസ്ഥർ പങ്കെടുക്കും. പദ്ധതിയെ

ക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും പദ്ധതിബാധിതർക്കുള്ള ആശങ്കകളും സംശയങ്ങളും പങ്ക് വെക്കുന്നതിനുള്ള ഒരു വേദിയായിരിക്കും പബ്ലിക് ഹിയറിങ്ങ്.

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

പാലക്കാട് ജില്ലയിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ, ഉപജീവനമാർഗം നഷ്ടമാകൽ തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപനം എന്നിവ പദ്ധതിബാധിതർക്ക് നൽകുക.
- പദ്ധതിക്ക് വേണ്ടി കുടി ഒഴിയേണ്ടിവരുന്ന കുടുംബത്തിൻെറ സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ-പുനസ്ഥാപന നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.
- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതിബാധിത ഭൂമിയിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെ വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരിക്കണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പറളി-മങ്കര റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ഭൂമിഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

കേരള സംസ്ഥാന സർക്കാരും റെയിൽവേയും തമ്മിലുള്ള ധാരണ പത്രം പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവുകൾ പാലക്കാട് ജില്ലാകളക്ടറുടെ കീഴിൽ നിയമിക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കണക്കിലാക്കുകയും ഭൂമി

ഏറ്റെടുക്കുന്നതിനുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കുകയും ചെയ്യും എന്ന് അർത്ഥനാധികാരിയിൽ നിന്ന് ലഭ്യമായ പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ പറയുന്നു

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പ്രദേശത്ത് താമസിക്കുന്ന ഒരു കുടുംബം കുടി ഒഴിയേണ്ടി വരും എന്നതാണ് പദ്ധതിയുടെ ഒരു പ്രധാന പ്രത്യാഘാതമായി കാണുന്നത്. എന്നാൽ പദ്ധതി പ്രദേശത്ത് നടത്തിയ ശാസ്ത്രീയമായ പഠനത്തിൻെറ അടിസ്ഥാനത്തിൽ, ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലാണ് നിലവിലെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് വിശദമായ പദ്ധതി രേഖ പറയുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതിപ്രദേശം സന്ദർശിച്ച അവസരത്തിൽ ഏതാനും ജനപ്രതിനിധികൾ ഒരു കുടുംബത്തിൻെറ വീട് നഷ്ടമാകുന്നതിനെക്കുറിച്ച് ആശങ്ക രേഖപ്പെടുത്തി. എന്നാൽ കൂടുതൽ കുടുംബങ്ങൾ പ്രത്യാഘാതബാധിതമാകാതിരിക്കുന്ന വിധത്തിലും ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലുമാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിരിക്കുന്നത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപന ത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-

പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതി ൻെറ അടിസ്ഥാനത്തിൽ പറളി-മങ്കര റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിക്കുവേണ്ടി ഭൂമിഏറ്റെടുക്കുമ്പോൾ ഉണ്ടാകു വാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി

ക്രമ നമ്പർ	പ്രതീക്ഷിക്കുന്ന പ്രത്യാഘാതം	പ്രത്യാഘാത ലഘൂകരണം	സമയക്രമം	നിരീക്ഷണ സൂചികകൾ
1	സ്ഥലം നഷ്ടമാകൽ	RFCTLARR നിയമം 201 ഒന്നാം പട്ടികപ്രകാരവു അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക	കേരള ഭൂമ ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തി നും പുന സ്ഥാപനത്തിനു മുള്ള ചട്ടം 201 പ്രകാരമുള്ള സമയക്രമം	ന്യായമായ ഭൂമ വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളു നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ
2	വീട് നഷ്ടമാക്കൽ	RFCTLARR നിയമം 2013 ഒന്ന് രണ്ട് പട്ടികകൾ പ്രകാരവു അനുബന്ധമായ കേരള സംസ് ഥാന സർക്കാരിൻെറ പോളിസ് കൾ പ്രകാരവുമുള്ള നഷ്ട പരിഹാരവും പുനരധിവാസവു പുനസ്ഥാപനവും നൽകുക		കുടുംബത്തെ കുട ഒഴിപ്പിക്കുന്നതിന് മുൻപേ പുനസ്ഥാപന നടപടികൾ, കുടുംബ ത്തിൻെറ സുരക്ഷിതമായ താമസ ത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കും ഒര ദിവസം പോലും ഭംഗ നേരിടുന്നില്ല എന്ന് ഉറപ്പ് വരുത്തൽ
3	കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം	RFCTLARRനിയമം2013ഒന്നാംപ ട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്ക രിൻെറ പോളിസികൾ പ്രകാ വുമുള്ള നഷ്ടപരിഹാര നൽകുക		ഭൂവുടമകളുടെ സാന്ന ധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്ത കയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും

				ചെയ്യുക
4	ഉപജീവനമാർഗം/ വരുമാനം നഷ്ടമാകൽ	RFCTLARRനിയമം 201 രണ്ടാം പട്ടിക പ്രകാരവു അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക		ഉപജീവനം/വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്കും, പദ്ധതിപ്രദേശത്ത് വർഷത്തിലധികമായി തൊഴിൽ ചെയ്യുന്ന വിശ്വസനീയമായ രേഖകളുള്ള വാടകക്കാർക്കും നിയമാനുസൃത മായ നഷ്ട പരിഹാരം നൽകുക.
5	പ്രവേശനമാർഗം നഷ്ടമാകൽ	പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രദേശത്തെ വീടുകളിലേക്കു വസ്തുവകകളിലേക്കും പ്രവേശന നഷ്ടമാകാതിരി ക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണ ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതി പ്രദേശ ത്തെ വീടുകളിലേക്കും വസ്തുവകകളിലേക്കും മതിയായ പ്രവേശനമാർഗം ലഭ്യമാക്കണം.		പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ
6	നിർമ്മാണ മാലിന്യങ്ങൾനിർ മ്മാർജനം ചെയ്യാതിരിക്കൽ	നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടി തവുമായിനിർമ്മാർജനം ചെയ്യുക	പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക	പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക
7	വൃക്ഷങ്ങൾ നഷ്ടമാകൽ	പദ്ധതിക്ക് വേണ്ട വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.		പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ട വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

ബാധകമല്ല

അദ്ധ്യായം 8

സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43- ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ പറളി-മങ്കര റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.എ) പാലക്കാട് ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള കളകടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാലക്കാട് എൽ.എ(ജി) നമ്പർ 2 സ്പെഷ്യൽ തഹസിൽദാരെ കേരള സർക്കാരിൻെറ 26.07.2019 തീയ്യതിയിലെ ജി.ഒ.(ആർടി)നമ്പർ 2048/2019/ആർഡി ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുംപുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം

23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

1. ന്യായമായ പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

2.പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്നു.

- ചീഫ് സെക്രട്ടറി
- റവന്യൂ സെക്രട്ടറി
- അഡ്മിനിസ്ട്രേറ്റീവ് വകുപ്പിൻെറ സെക്രട്ടറി
- നിയമ സെക്രട്ടറി
- ഫിനാൻസ് സെക്രട്ടറി

ജില്ലാതല കമ്മിറ്റി പദ്ധതി ബാധിതർക്ക് നൽകേണ്ട ന്യായമായ ഭൂമി വിലയും നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കും. പ്രസ്തുത എസ്റ്റിമേറ്റ് സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയോ അല്ലെങ്കിൽ സംസ്ഥാന കമ്മിറ്റിയുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി പുനർനിർണ്ണയത്തിനായി തിരിച്ചയ ക്കുകയോ ചെയ്യും.

നഷ്ടപരിഹാരം, പുനരധിവാസ പുനസ്ഥാപനത്തിനുമുള്ള എസ്റ്റിമേറ്റിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം ജില്ലാതല കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റും ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പദ്ധതി ബാധിത

കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

8.2. ഗവൺമെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻപ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയായ രാജഗിരി ഔട്ട്റീച്ചിനെ പാലക്കാട് ജില്ലയിൽ പറളി-മങ്കര റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 19/11/2021 തീയതിയിലെ ഉത്തരവിലൂടെ (DCPKD/6093/2019-C2) പാലക്കാട് ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

അദ്ധ്യായം 9
സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

പാലക്കാട് ജില്ലയിൽ പറളി-മങ്കര റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏകദേശം 0.4863 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ചെയ്തിരിക്കുന്നത്. പദ്ധതി മൂലം ഒരു കുടുംബത്തിന് പ്രദേശത്ത് നിന്നും കുടി ഒഴിയേണ്ടതായി വരും. പ്രസ്തുത കുടുംബം താമസിക്കുന്ന വീട് മതിയായ സൗകര്യങ്ങളോട് കൂടി നിർമ്മിച്ചതും 8 വർഷം മാത്രം പഴക്കമുള്ളതുമാണ് എന്ന് മനസിലാക്കുന്നു. കൂടാതെ ഒരു കുടുംബത്തിൻെറ ഉപജീവനമാർഗമായ 4 വർഷം മാത്രം പഴക്കമുള്ള ഇരുനിലകെട്ടിടവും പൂർണമായും പൊളിച്ച് നീക്കേണ്ടി വരും. പദ്ധതി പ്രദേശത്ത് ഒരു കുടുംബത്തിന് നെൽകൃഷിയും, 6 ഉടമകളുടെ സ്ഥലങ്ങളിൽ വിവിധ വൃക്ഷങ്ങളും ഉണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങളുടെ കുടി ഒഴിയൽ, ഉപജീവനമാർഗം/വരുമാനം നഷ്ടമാകൽ തുടങ്ങിയ വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

അദ്ധ്യായം 10
സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ താമസവും ഉപജീവനവും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- പുനരധിവാസ പുന:സ്ഥാപന നടപടികളുടെ സമയക്രമം
    - പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
    - പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

പാലക്കാട് ജില്ലയിൽ പറളി–മങ്കര റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ) പാലക്കാട് പദ്ധതിയുടെ പുനരധിവാസ– പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാലക്കാട് എൽ.എ(ജി) നമ്പർ 2 സ്പെഷ്യൽ തഹസിൽദാരെ കേരള സർക്കാരിൻെറ 26.07.2019 തീയ്യതിയിലെ ജി.ഒ. (ആർടി)നമ്പർ 2048/2019/ആർഡി ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. അഡ്മിനിസ് ട്രേറ്ററുടെ കീഴിൽ പാലക്കാട് എൽ.എ(ജി) നമ്പർ 2 സ്പെഷ്യൽ തഹസിൽദാർ

തയ്യാറാക്കുന്ന പുനരധിവാസ-പുനസ്ഥാപന സ്കീമിൻെറ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

അദ്ധ്യായം 11
നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

ദക്ഷിണ റെയിൽവേയിലെ പാലക്കാട് ഡിവിഷനിൽ പറളി, മങ്കര റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന മനുഷ്യനിയന്ത്രിതമായ ലെവൽ ക്രോസിങ്ങാണ് എൽ.സി. നമ്പർ 164. ടി ലെവൽ ക്രോസിന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുക എന്നത് ഒരു പൊതു ആവശ്യമാണ് എന്ന് മനസിലാക്കുന്നു. എൽ.സി. നമ്പർ 164 ൽ 2016 വർഷത്തിൽ നടത്തിയ ട്രാഫിക് സർവ്വെ പ്രകാരം ദിനം പ്രതി ഇതിലൂടെ കടന്പോകുന്ന തീവണ്ടികളുടെ ശരാശരി എണ്ണം 78 ഉം മറ്റ് വാഹനങ്ങളുടെ എണ്ണം 2879 ഉം ആണെന്ന് എൽ.സി.നമ്പർ 164 ന് പകരമായി റെയിൽവേ മേൽപാലം നിർമ്മിക്കുന്ന പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ഭാവിയിൽ വർഷം തോറും ടി ലെവൽ ക്രോസിങ്ങിലൂടെ കടന്ന് പോകുന്ന തീവണ്ടികളുടെ എണ്ണത്തിൽ ഏകദേശം 2% വർദ്ധനവും റോഡിലൂടെ കടന്ന് പോകുന്ന വണ്ടികളുടെ എണ്ണത്തിൽ ഏകദേശം 5% വർദ്ധനവും ഉണ്ടായേക്കാമെന്ന് വിശദമായ പദ്ധതി രേഖയിൽ കണക്കാക്കിയിരിക്കുന്നു. അത്പ്രകാരം 2030 വർഷത്തിൽ ഇതിലൂടെ ദിനം പ്രതി കടന്ന് പോയേക്കാവുന്ന തീവണ്ടികളുടെ എണ്ണം 106 ഉം റോഡിലൂടെ പോയേക്കാവുന്ന വണ്ടികളുടെ എണ്ണം 5699 ഉം ആയേക്കാം എന്ന് കണക്കാക്കുന്നു. ലെവൽ ക്രോസിങ്ങിലൂടെ കടന്ന് പോകുന്ന തീവണ്ടികളുടെയും മറ്റ് വാഹനങ്ങളുടെയും ആകെ എണ്ണം 1 ലക്ഷത്തിന് മുകളിലാണെങ്കിൽ അവിടെ ലെവൽ ക്രോസിങ്ങിന് പകരമായി നിർബന്ധമായും മേൽപാലം നിർമ്മിക്കണമെന്നതാണ് റെയിൽവേയുടെ നിബന്ധന. ആയതിനാൽ തീവണ്ടികളുടെയും റോഡ് ഉപയോക്താക്കളുടെയും സുരക്ഷിതത്വത്തിന് വേണ്ടി എൽ.സി.നമ്പർ 164 ന് പകരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കേണ്ടത് ആവശ്യമായി വരുന്നു.

തിരക്കേറിയ പാലക്കാട്–പൊന്നാനി റോഡിന് സമാന്തര റോഡും പാലക്കാട് ജില്ലയിലെ ഒരു പ്രധാന റോഡുമായ മങ്കര–പാലക്കാട് റോഡിലാണ് എൽ.സി.നമ്പർ 164 സ്ഥിതി ചെയ്യുന്നത്. മങ്കര–പാലക്കാട് റോഡ് ദേശീയ പാത 544 (കുഴൽമന്ദം) മായും തമിഴ്നാട്

സംസ്ഥാനത്തിലെ പൊള്ളാച്ചിയിലേക്ക് പോകുന്ന അന്താരാഷ്ട്ര പാതയുമായും (സംസ്ഥാന പാത 27) ബന്ധിക്കപ്പെട്ടിരിക്കുന്നു. നിർദ്ദിഷ്ട പദ്ധതി നിലവിൽ വന്നാൽ പാലക്കാട് ജില്ലയുടെ പശ്ചിമ മേഖലകൾക്കിടയിലും (ഷൊർണൂർ, പട്ടാമ്പി, ഒറ്റപ്പാലം) പൊള്ളാച്ചിയിലേക്കും യത്ര ചെയ്യുന്നവർക്ക് തിരക്കേറിയ പാലക്കാട് പട്ടണത്തിലൂടെയുള്ള യാത്ര ഒഴിവാക്കി മങ്കര- കുഴൽമന്ദം- സംസ്ഥാനപാത 27 റോഡിലൂടെ സുഗമമായി യാത്ര ചെയ്യുവാൻ കഴിയും.

കൂടാതെ പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതി പ്രദേശത്ത് നിന്നും 2 കിലോമീറ്റർ ദൂരത്തിലുള്ള മങ്കര റെയിൽവേ സ്റ്റേഷനിലേക്ക് പ്രദേശവാസികൾക്ക് എളുപ്പത്തിൽ എത്തിച്ചേരുവാൻ കഴിയും.

കേരളത്തിൻെറ നെല്ലറ എന്നറിയപ്പെടുന്ന പാലക്കാട് ജില്ലയിൽ ഉൾപ്പെടുന്ന നിർദ്ദിഷ്ട പദ്ധതി പ്രദേശത്തും സമീപപ്രദേശങ്ങളിലും കാർഷിക പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളാണ്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ കാർഷിക മേഖലയ്ക്കും പ്രയോജനകരമായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു. റെയിൽവേ മേൽപ്പാലവും റോഡ് വികസനവും നടപ്പിൽ വരുമ്പോൾ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ വിപണനത്തിനായി മറ്റ് പ്രദേശങ്ങളിലേക്ക് സുഗമമായും എളുപ്പത്തിലും കടത്തികൊണ്ട് പോകുന്നതിന് കഴിയും. കൂടാതെ പ്രദേശത്തെ യാത്രാസൗകര്യം മെച്ചപ്പെടുന്നതോടെ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ വാങ്ങുന്നതിന് മറ്റ് പ്രദേശങ്ങളിൽ നിന്നും ആളുകൾ എത്തിച്ചേരുന്നതിനും സാധ്യതയുണ്ട്.

റോഡ് ഉപയോക്താക്കളുടെയും തീവണ്ടികളുടെയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പ്രദേശത്തെ റോഡ് ഗതാഗതം സുഗമമാക്കുന്നതിനും റെയിൽവേയുടെ പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ഈ പ്രദേശത്ത് ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കണമെന്നത് ഏറെ നാളായി ഉന്നയിക്കപ്പെടുന്ന ഒരു ആവശ്യമാണ്.

പാലക്കാട് ജില്ലയിൽ മങ്കര വില്ലേജിൽ പറളി-മങ്കര റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി ഏകദേശം 0.4863 സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെനമ്പറുകളിലുള്ള വസ്തുവകകൾ 12 വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെന്ന് മനസിലാക്കുന്നു. ഇവരിൽ 11 ഭൂവുടമകളിൽ

നിന്നാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘത്തിന് വിവരശേഖരണം നടത്തുവാൻ കഴിഞ്ഞത്. ഇവരിൽ 5 ഉടമകളുടെ സ്ഥലങ്ങൾ കൈവശഭൂമിയായി മാത്രം ഉപയോഗിക്കുന്നവയാണ് എന്നതിനാൽ ടി ഉടമകൾക്ക് കൈവശമായ ഭൂമിയുടെ അളവിൽ കുറവ് വരുന്നു എന്നത് മാത്രമാണ് ഭൂമി ഏറ്റെടുക്കൽ മൂലം അവർക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടം എന്ന് മനസിലാക്കുന്നു. എന്നാൽ പദ്ധതി പ്രദേശത്ത് താമസിക്കുന്ന 1 കുടുംബത്തിന് തങ്ങൾ താമസിക്കുന്ന വീട് നഷ്ടമാകുന്നു എന്നതും, മറ്റൊരു ഉടമയുടെയും 1 വാടകക്കാരൻെറയും ഉപജീവനമാർഗമായ ഇരുനിലകെട്ടിടം പൊളിച്ച് നീക്കേണ്ടി വരുന്നു എന്നതും പദ്ധതിയുടെ വലിയ പ്രത്യാഘാതങ്ങളാണ്. കൂടാതെ 1 ഉടമയുടെ സ്ഥലത്തെ നെൽകൃഷിയും 1 ഉടമയുടെ സ്ഥലത്തെ വാഴ കൃഷിയും നഷ്ടമാകും. ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള വൃക്ഷങ്ങൾ വെട്ടിമാറ്റേണ്ടിവരും. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങളും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 11.1.1ൽ വിലയിരുത്തുന്നു.

പട്ടിക 11.1.1 പദ്ധതിയുടെ നേട്ടങ്ങളും ഭൂമി ഏറ്റെടുക്കലിൻെറ കോട്ടങ്ങളും വിലയിരുത്തൽ

പദ്ധതിയുടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ	***പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ***
മങ്കര-പാലക്കാട് റോഡിൽ ഗതാഗതം സുഗമമാക്കുന്നു.	12 ഭൂവുടമകൾക്ക് കൈവശഭൂമിയിൽ കുറവ് വരുന്നു. ഭൂമിയോട് ചേർന്നുള്ള കിണർ, മതിൽ, ഗേറ്റ് മുതലായ ചമയങ്ങൾ നഷ്ടമാകുന്നു
പാലക്കാട് ജില്ലയിലെ പശ്ചിമ മേഖലകൾക്കിടയിലെ യാത്ര സുഗമമാക്കുന്നു	1 കുടുംബത്തിന് വീട് നഷ്ടമാകുന്നു.
പദ്ധതി പ്രദേശത്ത് യാത്രാ സൗകര്യം മെച്ചപ്പെടുന്നു	1 കുടുംബത്തിൻെറ ഉടമസ്ഥതയിലുള്ള ഇരുനിലകെട്ടിടം പൊളിച്ച് മാറ്റേണ്ടതായ് വരും
നിർദ്ദിഷ്ട പ്രദേശത്തെ റെയിൽപാതയിലൂടെ കടന്ന് പോകുന്ന തീവണ്ടികളുടെയും, റോഡിലൂടെ പോകുന്ന വാഹനങ്ങളുടെയും ജനങ്ങളുടെയും യാത്ര സുരക്ഷിതമാക്കുന്നു	3 ഉടമകൾക്കും 1 വാടകക്കാരനും ഉപജീവനമാർഗം നഷ്ടമാകും
കാർഷിക മേഖലയിലെ വിപണി സാധ്യതകൾ വർദ്ധിപ്പിക്കുന്നു	1ഉടമയുടെ സ്ഥലത്തെ നെൽകൃഷിയും 1 സ്ഥലത്തെ വാഴ കൃഷിയും (ഏകദേശം 15 വാഴകൾ) നഷ്ടമാകും

പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് വഴി തെളിക്കും	6 സ്ഥലങ്ങളിലുള്ള ഏകദേശം 62 വൃക്ഷങ്ങൾ വെട്ടിമാറ്റേണ്ടി വരും
റെയിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു.	

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പാലക്കാട് ജില്ലയിൽ മങ്കര വില്ലേജിൽ പറളി-മങ്കര റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി ഏകദേശം 0.4863 സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം 12 ഭൂവുടമകൾക്ക് മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിൻേറത് മാത്രമല്ല ജില്ലയുടെയും സമഗ്ര വികസനത്തിന് കാരണമാകും എന്നതിനാൽ പദ്ധതിബാധിത കുടുംബങ്ങൾ ഉൾപ്പടെയുള്ള പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റെവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമിഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ യഥാസമയും നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും പാലക്കാട് ജില്ലയിൽ മങ്കര വില്ലേജിൽ നിന്നും പറളി-മങ്കര റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ

നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു

- പദ്ധതിക്ക് വേണ്ടി കുടി ഒഴിയേണ്ടിവരുന്ന കുടുംബത്തിൻെറ സുരക്ഷിതവും സുഗമമവുമായ താമസം ഉറപ്പ് വരുത്തിക്കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ കുറവ് വരാത്തവിധം, നിയമാനുസൃതമായ പുനരധിവാസ-പുനസ്ഥാപന നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കുക.

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതിബാധിത ഭൂമിയിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെ വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേ തന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻ കരുതലുകൾ സ്വീകരിക്കണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ച ത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. കേരള റെയിൽ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (K-rail) നിന്നും ലഭ്യമായ വിശദമായ പദ്ധതി രേഖ